# തൊഴിൽജീവിതവ്യവഹാരങ്ങൾ: വൈവിധ്യവും സമീകരണവും

**ഡോ. ശ്യാമള മാണിച്ചേരി**
അസോസിയേറ്റ് പ്രൊഫസർ,
മലയാള വിഭാഗം
കൃഷ്ണമേനോൻ സ്മാരക ഗവ. വനിത കോളേജ്
പള്ളിക്കുന്ന് പി.ഒ, കണ്ണൂർ 670004
ഇമെയിൽ: manicheri@gmail.com

**സംഗ്രഹം**

ജീവനോപാധി എന്നതിനോടൊപ്പം മനുഷ്യനെ സാമൂഹ്യജീവിയാക്കി നിലനിർത്തുന്നതിലും പുരോഗതിയിലേക്ക് നയിക്കുന്നതിലും അവൻ / അവൾ വ്യാപരിക്കുന്ന തൊഴിൽമേഖലയ്ക്ക് അനിഷേധ്യപങ്കുണ്ട്. തൊഴിലിടത്തിലെ തൊഴിലാളിയുടെ സംഘാടനം, തൊഴിൽസാഹചര്യം, ഇടം എന്നിവ പരിഗണിച്ച് തൊഴിൽമേഖലയിൽ സംഘടിതം, അസംഘടിതം എന്ന വിഭജനം നടത്താറുണ്ട്. തൊഴിൽസ്ഥിരത, സേവനവേതനവ്യവസ്ഥ, ആരോഗ്യകരവും സുരക്ഷിതവുമല്ലാത്ത തൊഴിൽപരിസരം, ഇടനിലക്കാരുടെ ചൂഷണം, സ്ത്രീവിരുദ്ധത, ലിംഗവിവേചനം തുടങ്ങി ഒട്ടും തൊഴിലാളിസൗഹൃദമല്ലാത്ത അന്തരീക്ഷമാണ് അസംഘടിത തൊഴിൽമേഖലയിൽ നിലനിൽക്കുന്നത്. ഇവിടെ തൊഴിൽ ചെയ്യുന്നവരിൽ ഭൂരിഭാഗവും പലവിധത്തിൽ കീഴാളത അനുഭവിക്കുന്നവരായതു കൊണ്ടുതന്നെ അസമത്വങ്ങൾക്കെതിരെ ശബ്ദമുയർത്താൻ തയ്യാറാവുന്നില്ല എന്നത് സൗകര്യമായി കണക്കിലെടുത്ത് അസംഘടിതതൊഴിലിടങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളാണ് മുതലാളിത്തവും ഭരണകൂടവും മുന്നോട്ടുവെക്കുന്നത്.

തൊഴിലിടങ്ങളും തൊഴിലനുഭവങ്ങളും അതത്കാലത്തെ കലയും സാഹിത്യവുമുൾപ്പെടെയുള്ള വ്യവഹാരങ്ങളിൽ ഇടം നേടാറുണ്ട്. എന്നാൽ അസംഘടിതതൊഴിലിൽ ഏർപ്പെട്ടവരുടെയും അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവരുടെയും ജീവിതാഖ്യാനം നാമമാത്രമായാണ് മുഖ്യധാരാസാഹിത്യത്തിന്റെ ഉള്ളടക്കമാവുന്നത്. ജാതി, വർഗ്ഗം, വർണ്ണം, ലിംഗം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വരേണ്യവർഗ്ഗം മാറ്റിനിർത്തിയ

ജീവിതങ്ങൾ കൂടുതൽ വശങ്ങളിലേക്ക് നീങ്ങുകയല്ല, പൊരുതുകയും കലഹിക്കുകയും ചെയ്തുകൊണ്ടാണ് പ്രതിരോധം തീർക്കുന്നത്. അസംഘടിതതൊഴിൽ മേഖലയിലെ സ്ത്രീ – പ്രത്യേകിച്ച് ദളിത്, കീഴാളവിഭാഗങ്ങളിലെ സ്ത്രീകളുടെ തൊഴിലും തൊഴിലിടവും ദളിത് പെൺകവിതകളിൽ ബഹുതലസ്പർശിയായ ആഖ്യാനപാഠങ്ങളായി കടന്നുവരുന്നത് എങ്ങനെയെന്നും അതിന്റെ രാഷ്ട്രീയമാനങ്ങൾ എന്താണ് എന്നുമുള്ള അന്വേഷണമാണ് പ്രബന്ധം ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടി 'മുദിത –മലയാളത്തിലെ ദളിത് പെൺകവിതകൾ' എന്ന പുസ്തകത്തിൽനിന്ന് തെരഞ്ഞെടുത്ത കവിതകളെയാണ് വിശകലനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത്.

**താക്കോൽവാക്കുകൾ:** തൊഴിൽ, തൊഴിലിടം, വ്യവഹാരം, സംഘടിതം, സൂചകം, പ്രതിനിധാനം, ലിംഗപദവി, നിർമ്മിതി, നൈപുണി, ദർശനം.

**ആമുഖം**

മനുഷ്യസമൂഹത്തോളം തന്നെ പഴക്കം തൊഴിൽമേഖലയ്ക്കുമുണ്ട്. സ്ഥിരമായി ഒരിടത്ത് വാസമാരംഭിച്ച പ്രാചീനമനുഷ്യർക്ക് അവരുടെ വാസസ്ഥാനങ്ങളും അതിന്റെ ചുറ്റുപാടുകളുമാണ് തൊഴിലിടമായി മാറിയത്.

മനുഷ്യനെ സമൂഹജീവിയായി നിലനിർത്തുന്നതിലും സാമൂഹ്യപുരോഗതിയിലേക്ക് നയിക്കുന്നതിലും അവൻ / അവൾ വ്യാപരിക്കുന്ന തൊഴിൽമേഖലയ്ക്ക് അനിഷേധ്യപങ്കുണ്ട്. ദൈനംദിനജീവിതം പുലർന്നുപോകുന്നതിനുള്ള ഉപാധി എന്നതിനപ്പുറം തൊഴിലും തൊഴിലിടവും വ്യക്തിയുടെയും കുടുംബത്തിന്റെയും സാമൂഹികസ്ഥാനം, സാമ്പത്തികനില, ലിംഗപദവി, മതം, ജാതി തുടങ്ങിയവയുടെ പൊതുബോധനിർമ്മിതികൂടി സാധ്യമാക്കുന്നുണ്ട്. അതുകൊണ്ടാണ് ഒരാൾ ഏർപ്പെടുന്ന തൊഴിലിൽ അയാളുടെ / അവളുടെ വൈയക്തിക, സാമൂഹിക തലങ്ങളുടെ മേളനം സംഭവിക്കുന്നത്. എന്നാൽ സ്ഥിരമായ തൊഴിലോ തൊഴിലിടമോ ഇല്ലാത്ത, അന്നന്ന് ലഭിക്കുന്ന തൊഴിലുകൾ ചെയ്ത് ജീവനോപാധി കണ്ടെത്തുന്ന അസംഘടിതതൊഴിലാളികൾക്ക്, സംഘടിതതൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും സാമൂഹികബന്ധങ്ങളും അന്യമാണ്. കശുവണ്ടി, കയർ, തുണി, മണ്ണ്, ഈറ്റ, കൈതോല, തുടങ്ങിയവ ഉപയാഗിച്ച് വീടുകേന്ദ്രമാക്കി തൊഴിൽചെയ്യുന്നവർ, വഴിയോരങ്ങളിലും ചന്തകളിലും വീടുവീടാന്തരവും കയറിയിറങ്ങി ഉല്പന്നങ്ങൾ വിറ്റഴിക്കുന്നവർ, നെൽകൃഷി, ക്ഷീരകൃഷി, പച്ചക്കറികൃഷി തുടങ്ങിയവയിലേർപ്പെടുന്ന ചെറുകിടകർഷകർ, ടെക്സ്റ്റൈൽമേഖല, സൂപ്പർമാർക്കറ്റ് എന്നിവിടങ്ങളിൽ തൊഴിലെടുക്കുന്നവർ തുടങ്ങി തൊഴിലിന്റെ സ്വഭാവമോ സമയക്രമമോ ഗൗനിക്കാതെ കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി അധ്വാനിക്കുന്ന തൊഴിലാളിവിഭാഗങ്ങളെയാണ് 'അസംഘടിതതൊഴിലാളി' എന്ന് സംബോധന ചെയ്യുന്നത്.

ലോകത്താകെ സംഭവിച്ചുകൊണ്ടിരിക്കുന്ന അതിസങ്കീർണ്ണമായ സാമ്പത്തികമാറ്റങ്ങളും, തൊഴിലിന്റെ രൂപഭേദങ്ങളും സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയരംഗങ്ങളുടെ സൂക്ഷ്മതലങ്ങളിലുൾപ്പെടെ വലിയ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. തൊഴിൽരംഗത്തെ സംഘടിതമേഖലകളെ ഭിന്നിപ്പിച്ചുകൊണ്ട് വർധിക്കുന്ന അസംഘടിതവൽക്കരണമാണ് ഇന്ത്യൻ തൊഴിൽമേഖല നേരിടുന്ന വർത്തമാനപ്രതിസന്ധി. സംഘംചേർന്നുള്ള എതിർശബ്ദങ്ങൾ

 ISSN: 2582 - 2594

ഉണ്ടാവാൻ സാധ്യതയില്ല എന്നതാണ് മുതലാളിത്തശക്തികൾക്ക് അസംഘടിതമേഖല ആകർഷകമാകാനുള്ള മുഖ്യകാരണം.

1948-ലെ 'മിനിമംവേതനനിയമ'വും[1] 1976-ലെ 'തുല്യവേതനനിയമ'വു[2]മുൾപ്പെടെ തൊഴിൽ രംഗത്തെ അടിസ്ഥാനപരവും പ്രധാനപ്പെട്ടതുമായ തൊഴിൽനിയമങ്ങളിൽ പലതും തൊഴിൽ നിയമപരിഷ്കാരങ്ങളിലൂടെ അട്ടിമറിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രകൃതിയെയും മനുഷ്യരെയും അതിന്റെ ഉല്പാദനക്ഷമതയെയും വൻകിട മുതലാളിത്തശക്തികൾക്ക് തീറെഴുതുമ്പോൾ സംഘടിതവും അസംഘടിതവുമായ തൊഴിലിടങ്ങളിൽനിന്ന് അന്യവൽക്കരിക്കപ്പെടുന്നവരിൽ നല്ലൊരുശതമാനം സ്ത്രീകളാണ്. തൊഴിലുകൾ പ്രത്യക്ഷമായോ പരോക്ഷമായോ സമൂഹപുരോഗതിക്കു വേണ്ടിയുള്ളതാണ്. എന്നാൽ ചില തൊഴിലുകൾ, തൊഴിലാളികൾ, തൊഴിലിടങ്ങൾ എന്നിവ സാമൂഹ്യജീവിതത്തിന്റെ പുറമ്പോക്കുകളിലായിപ്പോകുന്നതിന്റെ രാഷ്ട്രീയം ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. തൊഴിൽ, ഒരേസമയം മാറ്റിനിർത്തലിനുള്ള ഉപാധിയും അതിനെതിരെയുള്ള പ്രതിരോധവുമാകുന്നതിന്റെ പ്രത്യയശാസ്ത്രത്തെക്കുറിച്ച് കാറൽമാർക്സ് രൂപപ്പെടുത്തിയിട്ടുള്ള ആഴത്തിലുള്ള വിചിന്തനങ്ങൾ ഈ സന്ദർഭത്തിൽ കൂടുതൽ പ്രസക്തമാകുന്നു(2010:330). മേൽസാഹചര്യത്തിൽ, അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികളുടെ ജീവിതാഖ്യാനം ദളിത്പെൺകവിതകൾ നിർവ്വഹിച്ചിരിക്കുന്നതെങ്ങനെ എന്നതാണ് അന്വേഷണവിഷയം. ഇതിനുവേണ്ടി മലയാളത്തിലെ ദളിത്പെൺകവിതകളുടെ സമാഹാരമായ 'മുദിത'യിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള കവിതകളെയാണ് ഉപാദാനമാക്കിയിട്ടുള്ളത്.

**തൊഴിൽ, തൊഴിലാളി: പരികല്പനകൾ**

ഇതരജീവജാലങ്ങളിൽ നിന്ന് മനുഷ്യരെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളിലൊന്നാണ് അവന്റെ / അവളുടെ ജീവനോപാധിയായ തൊഴിൽ. 'നീ നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കും' എന്ന ബൈബിൾവാക്യം (ഉല്പത്തിപുസ്തകം, 3:1-19) തൊഴിലിന്റെ പ്രാധാന്യത്തെയാണ് വിളിച്ചോതുന്നത്. മനുഷ്യജീവിതത്തിന്റെ സ്ഥൂലവും സൂക്ഷ്മവുമായ അനുഭവങ്ങളെ നിയന്ത്രിക്കുകയും മുന്നോട്ടുനയിക്കുകയും ചെയ്യുന്നതിൽ അവരുടെ തൊഴിലിനും നിർണ്ണായകസ്വാധീനമുണ്ട്. മനുഷ്യരുടെ കായികമോ ബൗദ്ധികമോ ആയ അധ്വാനമാണ് തൊഴിലിന്റെ അടിസ്ഥാനം. 'മനുഷ്യനെ നിശ്ചിത ഗ്രൂപ്പുകളോ സമൂഹങ്ങളോ ആയി ഏകോപിപ്പിക്കുന്ന പ്രക്രിയകൂടിയാണ് അധ്വാനം. ജനങ്ങളാണ്, അവരുടെ സചേതനമായ അധ്വാനശക്തിയാണ് സമുദായത്തിലെ മുഖ്യമായ ഉല്പാദനശക്തി' യെന്ന് കെ.ഇ.എൻ. കുഞ്ഞഹമ്മദ് അഭിപ്രായപ്പെടുന്നുണ്ട് (2009:339). 'മനുഷ്യനിൽ നിലനിൽക്കുന്നതും ഏതെങ്കിലും തരത്തിലുള്ള ഉപയോഗമൂല്യം ഉൽപാദിപ്പിക്കുമ്പോൾ അവൻ /അവൾ പ്രയോഗിക്കുന്നതുമായ മാനസികവും ശാരീരികവുമായ കഴിവുകളുടെ ആകെത്തുകയാണ് അധ്വാനം', 'ഒരു സാധാരണതൊഴിലാളിയുടെ സമ്പത്ത് അവന്റെ കൈകളും അധ്വാനവുമാണ്'' എന്നിങ്ങനെ കാറൽമാക്സും (2010: 327, 527) 'പണത്തിന് പകരംവെക്കാവുന്ന മനുഷ്യപ്രയത്നമാണ് അധ്വാനം' എന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാടും (2010:37) നിർവ്വചിക്കുമ്പോൾ അധ്വാനത്തിന്റെ ക്രിയാത്മകതയുടെ പ്രാധാന്യത്തിലാണ് ഊന്നുന്നത്.

അതത്കാലത്തെ ജീവിതസാഹചര്യങ്ങൾക്കനുസരിച്ച് തൊഴിലിൽ നേടുന്ന വൈദഗ്ധ്യവും അതിന്റെ പ്രയോഗവുമാണ് മനുഷ്യരുടെ ജീവിതത്തെ ചലനാത്മകമാക്കുന്നത്. തൊ

ഴിലിലേർപ്പെടുന്നവർക്ക് അവരുടെ അധ്വാനത്തിന് ന്യായമായ പ്രതിഫലം പണമോ വസ്തുക്കളോ ആയി ലഭിക്കുമ്പോഴാണ് അതിനെ 'തൊഴിൽ' എന്ന് വ്യവഹരിക്കുന്നത്. കായികമോ ബൗദ്ധികമോ ആയ അധ്വാനത്തിന് പ്രതിഫലമായി വേതനം ലഭിക്കാത്ത പ്രവർത്തനങ്ങൾ തൊഴിലിന്റെ നിർവ്വചനപരിധിയിൽ വരാറില്ല. 'പ്രതിഫലത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിനുവേണ്ടി നടത്തുന്ന സേവനത്തെ തൊഴിൽ' എന്നും 'താല്പര്യമുള്ള വ്യക്തിക്ക് തൊഴിലവസരം ലഭിക്കാതിരിക്കുന്ന അവസ്ഥയെ തൊഴിലില്ലായ്മ' എന്നും വിളിക്കുന്നത് അതുകൊണ്ടാണ് (ടി. എൻ. ജയചന്ദ്രൻ, 1998:520). അധ്വാനവും തൊഴിലുമായി ബന്ധപ്പെട്ടുനിൽക്കുന്ന മറ്റൊരു വസ്തുത തൊഴിൽനൈപുണിയാണ്. വ്യക്തി/സംഘം തന്റെ അധ്വാനശേഷിയെ പരിശീലനത്തിലൂടെയോ വിദ്യാഭ്യാസത്തിലൂടെയോ മെച്ചപ്പെടുത്തുമ്പോഴാണ് പ്രസ്തുത തൊഴിലിലോ പ്രത്യേക മേഖലയിലോ തൊഴിൽനൈപുണി നേടിയതായി കണക്കാക്കുന്നത്.

സാമൂഹ്യപുരോഗതിയുടെ ബാല്യദശയിലെ വേട്ടയാടൽ ക്രമേണ കാർഷികവൃത്തി, വ്യാവസായിക-യന്ത്രവല്കൃത, സാങ്കേതികമേഖലകളിലേക്ക് പരിവർത്തിച്ചു. തൊഴിലിടത്തിൽ കായികം/ബൗദ്ധികമായ അധ്വാനശേഷി വിനിയോഗിച്ചുകൊണ്ട് മനുഷ്യർ ഏതെങ്കിലും തരത്തിലുള്ള ഉല്പാദനവും നേടിയെടുക്കുന്നുണ്ട്. വിഭിന്ന തൊഴിൽമേഖലകൾ രൂപപ്പെട്ട കാലം, തൊഴിൽ ഉപകരണങ്ങൾ, തൊഴിലിലേർപ്പെടുന്നവർ, അവരുൾപ്പെടുന്ന ജാതിവിഭാഗം, തൊഴിലിലുള്ള അവരുടെ വൈദഗ്ധ്യം, വിനിയോഗിക്കുന്ന ഊർജ്ജത്തിന്റെ സ്വഭാവം, തൊഴിലിടം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ തൊഴിലിലും തൊഴിൽമേഖലയിലും അസംഖ്യം വകഭേദങ്ങൾ സാധ്യമാണ്. ചാതുർവർണ്യവ്യവസ്ഥയിൽ തൊഴിൽവിഭാഗങ്ങളെ നിർണ്ണയിക്കുന്നതിൽ ജാതി സ്വാധീനംചെലുത്തുകയും കുലത്തൊഴിൽ പരികല്പന ഉടലെടുക്കുകയും ചെയ്തത് തൊഴിലിലെ ജാതിയുടെ സ്വാധീനത്തെയാണ് വ്യക്തമാക്കുന്നത്. അലഞ്ഞുതിരിയുന്നതിൽ നിന്നും മനുഷ്യർ സ്ഥിരമായജീവിതം ആരംഭിച്ചഘട്ടത്തിൽ അന്നുവരെ തൊഴിലിടത്തിൽ പുരുഷനോടൊപ്പം തോളോടുതോൾ ചേർന്നുപ്രവർത്തിച്ച സ്ത്രീകൾ വീട്ടകങ്ങളിലെ തൊഴിലാളിയായി പരിവർത്തനം ചെയ്തു. കുട്ടികൾ, പ്രായമായവർ, മറ്റു ശാരീരികപ്രയാസങ്ങൾ അനുഭവിക്കുന്നവർ എന്നിവരുടെ പരിചരണം, പാചകം, വീടിന്റെയും പരിസരത്തിന്റെയും ശുചീകരണം തുടങ്ങിയവ നിർവ്വഹിക്കാൻ അവൾ പുറത്തെ തൊഴിലിടത്തിൽനിന്ന് വീട്ടകങ്ങളിലേക്ക് കയറി. ഇത് തൊഴിലിൽ ലിംഗഭേദം രൂപപ്പെടുന്നതിനിടയാക്കിയതിന്റെ ഭൗതികപരിസരത്തെ വ്യക്തമാക്കുന്നു.

'കായികമോ ബൗദ്ധികമോ ആയ അധ്വാനം വിനിയോഗിച്ച് ഉപജീവനാർത്ഥം തൊഴിലിലേർപ്പെട്ട് ന്യായമായ വേതനം കൈപ്പറ്റുന്നവരെയാണ് തൊഴിലാളികൾ' എന്ന് അഭിസംബോധന ചെയ്യുന്നത് (ബാലകൃഷ്ണൻ ബി.സി, 1985:611). തന്റെ കായിക, ബൗദ്ധികശേഷിയെ ഏറ്റവും ഉപയോഗപ്രദമായും ഉല്പാദനക്ഷമമായും മറ്റൊരു വ്യക്തിക്കോ സ്ഥാപനത്തിനോ സമൂഹത്തിനോ വേണ്ടി വിനിയോഗിക്കുകയും അതിന് വേതനം കൈപ്പറ്റി തന്റെ ജീവിതം മുന്നോട്ടു നയിക്കുകയുമാണ് തൊഴിലാളിയുടെ ധർമ്മം. തൊഴിലാളി ഒറ്റപ്പെട്ടു നിൽക്കുന്ന ഒരാളല്ല; ഒരു കൂട്ടായ്മയുടെ ഭാഗമാണ്. അതുകൊണ്ടാണ് 'ജനങ്ങളെയാകെ മനുഷ്യത്വത്തിന്റെ മഹനീയതയിലേക്ക് നയിക്കാൻ കെല്പുള്ള ശക്തിയാണ് തൊഴിലാളിവർഗ്ഗമെന്നു പറയുന്നത്' (ഉദ്ധ: ദാമോദരൻ, 2020:71). നായാട്ട്, കൃഷി, വ്യവസായം, സാങ്കേതികമേഖല തുടങ്ങിയവയ്ക്കനുസരി


ISSN: 2582 - 2594

ച്ച് തൊഴിലാളിയും തൊഴിലുടമയും അടിമ / ഉടമ, കുടിയാൻ/ജന്മി, തൊഴിലാളി/ മുതലാളി തുടങ്ങിയ ദ്വന്ദ്വങ്ങളായി സംബോധനചെയ്യപ്പെട്ടത് തൊഴിലിന്റെയും തൊഴിലിടങ്ങളുടെയും പരിവർത്തനത്തെക്കൂടിയാണ് സാക്ഷ്യപ്പെടുത്തുന്നത്.

അന്തസ്സിനും അവകാശങ്ങൾക്കും വേണ്ടി തൊഴിലാളികൾ നടത്തിയ നിരവധി പോരാട്ടങ്ങളും തൊഴിലിടത്തിൽനിന്നോ തൊഴിലുടമയിൽനിന്നോ നേരിട്ട ദുരനുഭവങ്ങൾക്കുനേരെ അവർ സംഘടിതമായി രൂപപ്പെടുത്തിയ പ്രതിരോധപ്രവർത്തനങ്ങളും തൊഴിലാളിയുമായി ചേർത്ത് വ്യവഹരിക്കേണ്ടുന്ന ആവശ്യവസ്തുതകളാണ്. തൊഴിലുടമയുടെ അധികാരത്തിന് കീഴിൽ തന്റെ /തങ്ങളുടെ അധ്വാനം സമയക്രമമില്ലാതെ വിനിയോഗിച്ച് കഠിനയാതനകൾ അനുഭവിച്ചവർക്ക് അവരുടെ ജോലിസമയം എട്ടുമണിക്കൂറായി നിജപ്പെടുത്തിയതിന്റെ പോരാട്ടസ്മരണകൾ പങ്കുവെക്കുന്ന 'ലോകതൊഴിലാളിദിനം' ഈ കൂട്ടത്തിൽ പ്രഥമപരിഗണനയർഹിക്കുന്നു. തൊഴിലാളിയുടെ അന്തസ്സിനും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടങ്ങളുടെ വിജയത്തെ മെയ് 1 [3] പ്രതിനിധാനം ചെയ്യുന്നു. 'ലോകത്തെ മാറ്റുന്നത് ആശയങ്ങൾ മാത്രമല്ല, മനുഷ്യന്റെ അധ്വാനം കൂടിയാണ്'(2010:311) എന്ന മാർക്സിയൻ ദർശനംകൂടി ചേർത്തുവെക്കാതെ തൊഴിലിനെയും തൊഴിലാളിയെയും സംബന്ധിച്ച ചിന്തകൾ പൂർണ്ണമാകുന്നില്ല.

**തൊഴിലിടം: സംഘടിതം / അസംഘടിതം**

വ്യക്തി/വ്യക്തികളുടെ ജീവിതത്തിന്റെ പ്രധാനഭാഗമാണ് അവർ വ്യാപരിക്കുന്ന തൊഴിലിടം. ഇവിടെയാണ് അവൻ/അവൾ തന്റെ അധ്വാനശേഷിയെ ഉപയോഗപ്പെടുത്തുന്നത്. കായികമോ ബൗദ്ധികമോ ആയ അധ്വാനരീതിക്കനുസരിച്ച് തൊഴിലാളി തന്റെ സമയത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്നത് തൊഴിലിടത്തിലാണ്. തൊഴിലാളി, സഹതൊഴിലാളികൾ, തൊഴിലുടമ, തൊഴിൽചെയ്യുന്നതിനുള്ള അനുകൂലമായ അന്തരീക്ഷം എന്നിവയാണ് തൊഴിലിടത്തെ പൂർണ്ണമാക്കുന്നത്. തൊഴിലാളിയുടെ സുരക്ഷിതത്വം, കായിക/ബൗദ്ധിക അധ്വാനത്തിനുള്ള നിശ്ചിതവേതനം, ആരോഗ്യം, വിശ്രമസമയം എന്നിവ ഉറപ്പുവരുത്തുമ്പോഴാണ് നല്ല തൊഴിലിടം രൂപപ്പെടുന്നത്. 'തൊഴിൽചെയ്യുന്ന വ്യക്തികളുടെയും അവരുടെ ജോലിസ്ഥലത്തിന്റെയും ബന്ധം ഉൾക്കൊള്ളുന്ന ഒരു സാമൂഹിക, സാമ്പത്തിക, സാംസ്കാരികവ്യവസ്ഥയാണ് തൊഴിലും തൊഴിലിടവും' എന്നാണ് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ വിശദീകരണം[4](1792: 217).

തൊഴിലിടത്തിന്റെ ഭൗതികസാഹചര്യം, അവിടത്തെ ഉല്പാദനപ്രവർത്തനങ്ങൾ, തൊഴിലുടമക്കും തൊഴിലാളികൾക്കുമിടയിൽ നിലനിൽക്കുന്ന പരസ്പരവിശ്വാസം, സഹകരണം, ആരോഗ്യപരമായ ആശയവിനിമയം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് ഒരു തൊഴിലിടം ഉയർന്ന ഉല്പാദനക്ഷമതയും സംതൃപ്തമാർന്ന തൊഴിലന്തരീക്ഷവും പുലർന്നുകൊണ്ട് ജനാധിപത്യസംവിധാനത്തിന്റെ ഭാഗമായിത്തീരുന്നത്. തൊഴിലിടങ്ങളിൽ തൊഴിലാളി പലവിധത്തിലുള്ള സംഘർഷങ്ങളിലൂടെയാണ് കടന്നുപോവുന്നത്. ഇത് തൊഴിലിടത്തിലെ ഉല്പാദനക്ഷമതയ്ക്കൊപ്പം തൊഴിലാളിയുടെ കായിക / മാനസിക ആരോഗ്യത്തെക്കൂടി ബാധിക്കുന്നു. തൊഴിലുടമയുടെ സാന്നിധ്യം/ അസാന്നിധ്യം, സഹതൊഴിലാളികൾ, യന്ത്രങ്ങൾ, ഉല്പാദനഘടകങ്ങൾ, ഉല്പാദനപ്രക്രിയ എന്നിവയാൽ നിയന്ത്രിക്കപ്പെടുന്ന തൊഴിലിടത്തിന്റെ അന്തരീക്ഷത്തിനു

ണ്ടാകുന്ന ഏതെങ്കിലും തരത്തിലുള്ള പ്രതികൂലാവസ്ഥകൾ തൊഴിലാളിയിൽ സംഘർഷം രൂപപ്പെടുത്തുന്നു. തൊഴിലിടത്തിനകത്തും പുറത്തുമുള്ള മനുഷ്യവിരുദ്ധവും ചൂഷണാധിഷ്ഠിതവുമായ സ്ഥിതിവിശേഷങ്ങളെ പ്രതിരോധിക്കാൻ തൊഴിലാളികൾ സംഘടിതശക്തിയായി ത്തീരുന്നു. 'ജീവിതായോധനത്തിന്റെ ഭാഗമായി മനുഷ്യർ പലതരത്തിലുള്ള ഉല്പാദനബന്ധങ്ങളിൽ ഏർപ്പെടുന്നു. അവിടെ തങ്ങൾ വഹിക്കുന്ന സ്ഥാനത്തെ മുൻനിർത്തി അവർ പ്രത്യേക വിഭാഗങ്ങളായിത്തീരുന്നു. ഓരോ ചരിത്രഘട്ടത്തിലും ഉല്പാദനരീതി ഓരോ തരത്തിലാണ് എന്നതുകൊണ്ട് ഉല്പാദനവ്യവസ്ഥയ്ക്കനുസരിച്ചാണ് വർഗ്ഗങ്ങൾ നിലനിൽക്കുന്നത്. വർഗ്ഗങ്ങൾ തമ്മിലുള്ള വൈരസ്യം വർഗ്ഗസമരത്തിന് കാരണമാകും'. തൊഴിലാളി, സംഘടിതശക്തിയായിത്തീർന്നതിന്റെ പ്രത്യയശാസ്ത്രത്തെയാണ് സുനിൽ പി. ഇളയിടം (2011:89) ഇങ്ങനെ വിശദീകരിക്കുന്നത്. സംഘടിതമേഖലയിലെ തൊഴിലാളികൾ നേരിടുന്ന ഏതുതരം പ്രശ്നവും ഒരു പരിധിവരെ കൂട്ടായ പ്രവർത്തനത്തിലൂടെയോ നിയമപരിരക്ഷയുടെ സഹായത്താലോ പരിഹരിക്കപ്പെടുന്നു. എന്നാൽ അസംഘടിത തൊഴിൽമേഖലയിലുള്ളവർക്ക് അവർ തൊഴിലിടത്തിൽ നേരിടുന്ന വിവിധ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനോ പരിഹരിക്കുന്നതിനോ ഉള്ള വേദിയില്ല. ജോലിസ്ഥിരതയും നിയമപരിരക്ഷയുമില്ലാത്തതും കുറഞ്ഞ കൂലിയും ക്ഷേമ ആനുകൂല്യങ്ങളുടെ അഭാവവും സുരക്ഷിതമല്ലാത്ത തൊഴിൽസാഹചര്യങ്ങളും തൊഴിലുടമയുടെ ഇടനിലക്കാരായി വർത്തിക്കുന്നവരിൽനിന്നുള്ള ചൂഷണവും അസംഘടിത തൊഴിലാളികളുടെ ജീവിതം ദുരിതമയമാക്കുന്നു.

സ്ഥിരം തൊഴിലിടമില്ലാതെ, ദിവസക്കൂലി അടിസ്ഥാനത്തിൽ, ഓരോ ദിവസവും വ്യത്യസ്ത തൊഴിൽമേഖലയിൽ അധ്വാനിക്കുന്നവരാണ് അസംഘടിത തൊഴിലാളികൾ. 2008 -ലെ അസംഘടിതമേഖലയിലെ തൊഴിലാളിനിയമപ്രകാരം വീട്ടിൽ ജോലിചെയ്യുന്നവർ, സ്വയം തൊഴിൽ ചെയ്യുന്നവർ, പത്തിൽ താഴെ ജീവനക്കാരുള്ള ഒരു സ്ഥാപനത്തിലെ തൊഴിലാളികൾ എന്നിവരെയാണ് 'അസംഘടിതമേഖലയിലെ തൊഴിലാളി'കളായി നിർവ്വചിക്കുന്നത്. കർഷകർ, നിർമ്മാണത്തൊഴിലാളികൾ, തെരുവുകച്ചവടക്കാർ, ചെറുകിട കൈത്തൊഴിൽ മേഖലയിലുള്ളവർ, പരമ്പരാഗതതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങി ഒരു പക്ഷേ, സംഘടിതതൊഴിലാളികളേക്കാൾ കൂടുതൽ അസംഘടിത മേഖലയിലാണ് തൊഴിലാളികൾ ഉള്ളതെന്നു പറയാം. സ്വന്തം വിശപ്പിനും അവരാൽ പരിപാലിക്കപ്പെടുന്നവരുടെ വിശപ്പിനുമുള്ള വക കണ്ടെത്തുന്നതിനുവേണ്ടി സുരക്ഷിതമല്ലാത്ത തൊഴിൽമേഖലയിൽ തങ്ങളുടെ അധ്വാനം നിർവ്വഹിക്കാൻ അവർ നിർബന്ധിതരാവുന്നു. എട്ടുമണിക്കൂർ ജോലി എന്ന സമയക്രമത്തെക്കാൾ ഇരട്ടിയിലധികം ജോലിചെയ്യേണ്ടിവരുന്ന ഇവർക്ക് അധ്വാനത്തിനനുസരിച്ചുള്ള വേതനവും ലഭ്യമാകുന്നില്ല എന്നതാണ് വസ്തുത. 'തുല്യജോലിക്ക് തുല്യവേതനം' എന്ന സമവാക്യവും ഇവിടെ നടപ്പിലാവുന്നില്ല. ഇടനിലക്കാരുടെ ഭാഗത്തുനിന്നുമുള്ള സാമ്പത്തികവും സാമൂഹികവും ശാരീരികവുമായ ചൂഷണങ്ങളെ എതിർശബ്ദമുയർത്താതെ, ഇവർക്ക് സഹിക്കേണ്ടിവരുന്നു. ഏർപ്പെടുന്ന തൊഴിലേതായാലും നിയമപരിരക്ഷയോ, ആനുകൂല്യങ്ങളോ അന്യമായ കൂട്ടരാണിവർ. ആരോഗ്യപ്രശ്നങ്ങളും ചെയ്യുന്ന തൊഴിലിലെ ആധുനികവല്ക്കരണത്തിന്റെ അഭാവവും വൈദഗ്ധ്യമില്ലായ്മയും ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിലുള്ള വർധനവും തൊഴിൽ മാർക്കറ്റിൽ ഇവരുടെ നില പരുങ്ങലിലാക്കുന്നു. കൈത്തൊഴിലുകളിൽ എർപ്പെ


ISSN: 2582 - 2594

ട്ടിരിക്കുന്നവർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ശരിയായ വിപണി, ജോലിസ്ഥിരത, നിയമപരമായ ആനുകൂല്യങ്ങൾ, തൊഴിലിടത്തിലെ അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയവ ഇല്ലാത്തതും അസംഘടിത തൊഴിലാളികളെ മുഖ്യധാരാതൊഴിലാളികളിൽ നിന്നും ബഹുദൂരം പിന്നിലാക്കുന്നു. തൊഴിൽമേഖലയിൽ അയഞ്ഞരീതിയിൽ മാത്രം ബന്ധിക്കപ്പെട്ടിരിക്കുന്ന ഇവർക്ക് അംഗീകൃതസംഘടനയോ ഇതരസംഘടനകളിൽ അംഗത്വമോ ഇല്ല.

തൊഴിലുടമയ്ക്കും തൊഴിലാളികൾക്കുമിടയിൽ മേൽനോട്ടക്കാരായോ നിരീക്ഷകരായോ നില കൊള്ളുന്ന ഇടനിലക്കാർ തൊഴിൽ മേഖലയിൽ ധനാത്മകമായും ഋണാത്മകമായും സ്വാധീനം ചെലുത്തുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് ഏകവിളത്തോട്ടങ്ങൾ[5] വ്യാപകമായ ഘട്ടത്തിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നും നിരക്ഷരരും ദരിദ്രരുമായ തൊഴിലാളികളെ വ്യാപകമായി തോട്ടംമേഖലയിലേക്ക് വിതരണം ചെയ്തിരുന്ന കങ്കാണിമാരാണ്[6] ഇടനിലക്കാരുടെ പൂർവ്വികർ. അന്യസംസ്ഥാനതൊഴിലാളികളെ നിർമ്മാണം, കൃഷി, തുടങ്ങിയ മേഖലകളിലേക്ക് എത്തിക്കുന്ന ലേബർകോൺട്രാക്ടർമാരാണ് ഇവരുടെ വർത്തമാനകാലത്തെ പ്രതിനിധികൾ. വ്യത്യസ്ത തൊഴിൽമേഖലയ്ക്കനുസരിച്ച് മേസ്തിരി, ചെട്ടി, സൂപ്പർവൈസർ, പട്ടക്കാരൻ, ഫോർമാൻ തുടങ്ങിയ പേരുകളിലും ഈ വിഭാഗം അറിയപ്പെടുന്നു. തൊഴിലാളിയെക്കാൾ തൊഴിലുടമയോട് കൂറുപുലർത്തുന്ന ഇവർ, തൊഴിലാളികളെ അവരുടെ പലവിധത്തിലുള്ള അറിവില്ലായ്മകളെ മറയാക്കി ചൂഷണത്തിനിരയാക്കുകയും ചെയ്യുന്നു. വേതനത്തിന്റെ കാര്യത്തിലാണ് ഇത്തരം ചൂഷണങ്ങളേറെയും നിലനിൽക്കുന്നത്. അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികൾ ശാരീരികചൂഷണങ്ങൾക്ക് വിധേയരാവാനുള്ള സാധ്യതയുമുണ്ട്. വൈദഗ്ധ്യമുള്ള തൊഴിലാളികളെ എത്തിക്കുക, അതത് ദിവസത്തെ തൊഴിൽകണ്ടെത്താൻ പലവിധ അനിശ്ചിതത്വങ്ങൾക്കിടയിലും തൊഴിലാളിയെ സഹായിക്കുക തുടങ്ങി തൊഴിൽമേഖലയിൽ ഇവർ നിർവ്വഹിക്കുന്ന ശ്ലാഘനീയപ്രവർത്തനങ്ങളും പരാമർശമർഹിക്കുന്നു.

**തൊഴിൽപ്രാതിനിധ്യം: ലിംഗപദവിയുടെ സാമൂഹികപാഠങ്ങൾ**

പുരുഷാധിപത്യക്രമം നിലനിൽക്കുന്ന സമൂഹത്തിൽ തൊഴിൽരംഗത്തും അതിന്റെ തുടർച്ചയാണ് കാണാനാവുക. പുരുഷൻ, വേതനം ലഭിക്കുന്ന പുറംജോലികളിലേർപ്പെട്ടുകൊണ്ട് കുടുംബത്തിന്റെ സാമ്പത്തികാവശ്യങ്ങൾ നിർവ്വഹിക്കുന്നു. സ്ത്രീ, വേതനമില്ലാത്ത വീട്ടുപണികളിലും പരിചരണ ജോലികളിലും മുഴുകുന്നു. സ്വാഭാവികമായും അവൾക്ക് സാമ്പത്തികസ്വാശ്രയമില്ലാതെ ജീവിക്കേണ്ടിവരുന്നു. എന്നാൽ കുടുംബനാഥയാവേണ്ടുന്ന സാഹചര്യം നിലനിൽക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ, താനുൾപ്പെടുന്ന കുടുംബത്തിന്റെ ജീവിതം പുലരാൻ പുറംജോലികളിൽ ഏർപ്പെടുന്നു. ജീവിതപുരോഗതിയിലും നിലവാരത്തിലും ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിട്ടുനിൽക്കുന്ന കേരളത്തിന്റെ വർത്തമാനകാലത്ത് അവകാശബോധവും വിദ്യാഭ്യാസവും സിദ്ധിച്ച സ്ത്രീകളിൽ ഭൂരിഭാഗവും ചെറുതോ വലുതോ ആയ വേതനം കൈപ്പറ്റുന്ന പുറംതൊഴിലുകളിൽ വ്യാപൃതരായി കുടുംബത്തിന്റെ സാമ്പത്തികനിലയിൽ പങ്കുചേരുകയും ചെയ്യുന്നു. അതേസമയം വീട്ടകങ്ങളിലെ ജോലിയിൽനിന്ന് അവൾക്ക് മോചനമോ പുരുഷന്റെ പങ്കാളിത്തമോ ലഭിക്കുന്നുമില്ല. ഫലത്തിൽ അകം /പുറം പണികളിലേർപ്പെട്ട് അധ്വാനത്തിന്റെ ഇരട്ടനിലയിൽ അവൾ തുടരുന്നു. പുറംജോലികളിൽ വ്യാപൃതനായി, കുടുംബത്തിന്റെ സാമ്പത്തികകാര്യങ്ങൾ നിർവ്വഹിക്കുന്ന പുരുഷൻ ഒഴിവുസമയം ആസ്വാദ്യകരമായി ചെലവഴിക്കുകയോ

വിശ്രമിക്കുകയോ ചെയ്യുന്നു. രണ്ടിടങ്ങളിലേയും ജോലികളെ സമരസപ്പെടുത്തേണ്ടതിനാൽ അവളുടെ അധ്വാനവും തൊഴിൽസമയവും വർധിക്കുന്നു. വിശ്രമത്തിനും ഉറക്കത്തിനുമുള്ള സമയത്തെ വെട്ടിച്ചുരുക്കിക്കൊണ്ടാണ് അവൾ ഇത് സാധ്യമാക്കുന്നത്. ആവശ്യത്തിന് വിശ്രമമില്ലാതെ, എട്ടുമണിക്കൂർ തൊഴിൽ, എട്ടുമണിക്കൂർ വിശ്രമം, എട്ടുമണിക്കൂർ വിനോദം[7] എന്ന ക്രമം അവൾക്ക് അന്യമാകുന്നു.

കേരളത്തിൽ നടന്ന ജാതിവിരുദ്ധപോരാട്ടങ്ങൾ ഒരേസമയം അവർണ്ണരെന്ന് മുദ്രചാർത്തിയ ജാതിവിഭാഗങ്ങളുടെ സ്വത്വസ്ഥാപനത്തിന് വേണ്ടിയുള്ള സമരങ്ങൾ കൂടിയായിരുന്നു. അവരിലെ സ്ത്രീകൾക്ക്, പുരുഷന്റെയും സവർണ്ണ പ്രത്യയശാസ്ത്രത്തിന്റെയും വിവേചനങ്ങൾക്കു നേരെയും പ്രതിരോധം തീർക്കേണ്ടിവന്നു. ജാതി, മത, വർഗ്ഗ, വർണ്ണ, ലിംഗവിവേചനങ്ങൾ വർത്തമാനകാലസമൂഹത്തിൽ പ്രത്യക്ഷത്തിൽ നിലനിൽക്കുന്നില്ല എന്ന ബോധ്യം പുലരുമ്പോഴും സാമ്പത്തികവും സാമൂഹ്യവുമായി പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് തൊഴിൽ മേഖലയിലെ ഇരട്ട ഉത്തരവാദിത്തത്തിന്റെ യാതനകളും പലവിധ ചൂഷണങ്ങളും വിവേചനങ്ങളും നേരിടേണ്ടിവരുന്നു. സ്ത്രീശാക്തീകരണം ലക്ഷ്യംവെച്ചുകൊണ്ട് കാൽ നൂറ്റാണ്ടിലേറെയായി തുടരുന്ന പ്രവർത്തനങ്ങൾ ശരാശരിയിൽ താഴെ ജീവിതസാഹചര്യങ്ങൾ ഉള്ള സ്ത്രീകളെ സാമ്പത്തികസ്വാശ്രയത്വം നേടാൻ സഹായിക്കുക എന്നതിനാണ് ഊന്നൽ കൊടുത്തത്. സ്വയംതൊഴിൽ സംരംഭങ്ങളും കുടുംബശ്രീ പ്രസ്ഥാനവും ഈ ലക്ഷ്യത്തെ പിന്തുണച്ചു. കുടുംബം പുലർത്താൻ പുരുഷന്റെ പങ്കാളിത്തമോ അഭാവമോ നേരിടുന്നവർക്ക് കുടുംബത്തിന്റെ മുഴുവൻ ചുമതലയും ഏറ്റെടുത്തുകൊണ്ട് കഠിനാധ്വാനത്തിലേർപ്പെടേണ്ടിവരുന്നു. ഈ അവസരത്തിൽ അസംഘടിത തൊഴിൽമേഖലയാണ് പലപ്പോഴും അവളുടെ പ്രവർത്തിപഥമായി മാറുന്നത്. മറ്റു വീടുകളിലെ അടുക്കളജോലി, ശുചീകരണം, പരിചരണം, തുടങ്ങിയവയും നിർമ്മാണമേഖലയും കൈത്തൊഴിലുകളും അവൾക്ക് ജീവനോപാധിയായി.

### തൊഴിലനുഭവങ്ങളും സാഹിത്യവും

തൊഴിലിടങ്ങളുടെയും അനുഭവങ്ങളുടെയും സമഗ്രവും സൂക്ഷ്മവുമായ അവതരണങ്ങളാൽ മലയാളസാഹിത്യം സമ്പന്നമാണ്. തൊഴിലിടങ്ങളിലെ സംഘർഷങ്ങൾ, തൊഴിലാളിവർഗ്ഗമുന്നേറ്റങ്ങൾ, പ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങി തൊഴിലും അതിന്റെ ആശയപരിസരങ്ങളും അവിടത്തെ സാമൂഹ്യരാഷ്ട്രീയപരിവർത്തനങ്ങളും അതത്കാലത്തെ സാഹിത്യരൂപങ്ങളിലിടം നേടിയിട്ടുണ്ട്. കൃഷിയിലും അനുബന്ധതൊഴിലുകളിലും വന്നുചേർന്ന മാറ്റങ്ങൾ, ജന്മി - കുടിയാൻ സംഘർഷങ്ങൾ, വ്യവസായവൽക്കരണം, ഇതരചരാചരങ്ങളുടെ സഹായത്തോടെ നിർവ്വഹിച്ചിരുന്ന തൊഴിലുകളിലെ യന്ത്രാധിപത്യം, മാറിയ തൊഴിൽരീതികളും സാഹചര്യങ്ങളും സൃഷ്ടിച്ച അതൃപ്തികളും സംഘർഷങ്ങളും തുടങ്ങി അപരിചിതവും പരിചിതവുമായ തൊഴിൽമേഖലകളിലെ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ പരിവർത്തനങ്ങൾ, അനുഭവങ്ങൾ എന്നിങ്ങനെ ബഹുതലസ്പർശിയായ വിഷയങ്ങൾ നവോത്ഥാനപൂർവകാലത്തെ സാഹിത്യം മുതൽ ആധുനികാനന്തരസാഹിത്യംവരെയുള്ള കൃതികളിൽ അടയാളപ്പെട്ടു കിടക്കുന്നുണ്ട്. നോവൽ, ചെറുകഥ, കവിത തുടങ്ങിയവയിലാണ് പ്രസ്തുത ആവിഷ്കാരങ്ങൾ ഏറെയുമുള്ളത്. ഇടശ്ശേരി, വൈലോപ്പിള്ളി, ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങി ആധുനികാനന്തരകവികൾ വരെയുള്ളവർ തൊഴിലിനെയും അനുബന്ധവ്യവഹാരങ്ങളെയും കാവ്യവിഷയമാക്കിയിട്ടുണ്ട്.

 ISSN: 2582 - 2594

പാരമ്പര്യകവിതാരീതികളെ അട്ടിമറിച്ചുകൊണ്ട് ഭാഷയിലും ഭാവത്തിലും വേറിട്ട വഴികളിലൂടെയാണ് മലയാളത്തിലെ പുതുകവിത സഞ്ചരിക്കുന്നത്. അത് ദളിത്, സ്ത്രീ, പരിസ്ഥിതി തുടങ്ങി മുഖ്യധാരാസാഹിത്യം വേണ്ടത്ര അടയാളപ്പെടുത്താത്ത ജീവിതങ്ങളെയും അനുഭവങ്ങളെയും ആവിഷ്കരിക്കുകയും പൊതുആഖ്യാനങ്ങളിൽ അയിത്തം കല്പിച്ചിരുന്ന മേഖലകൾക്കും ഒളിച്ചുകഴിഞ്ഞിരുന്ന വാക്കുകൾക്കും പുതുകവിതയിൽ സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തു. വരേണ്യതാസാഹിത്യം അതിർവരമ്പുകൾ പണിത പ്രമേയവും പ്രതിപാദനരീതികളും പൊളിച്ചുപണിതുകൊണ്ട് പുതുകവിത അടയാളപ്പെടുത്തിയ ദളിത് ജീവിതാനുഭവങ്ങളിൽ നല്ലൊരു പങ്കും സ്ത്രീജീവിതത്തിന്റെ ബഹുസ്വരതകളാണ്. "ആധുനികകവിതയുടെ മുഖമുദ്രകളായ ശിഥിലബിംബങ്ങൾ നിറഞ്ഞ കാവ്യഭാഷയും നൈരാശ്യത്തിന്റെ തീവ്രഭാവങ്ങളും എഴുപതുകളിലെ വിപ്ലവ രാഷ്ട്രീയത്തിന്റെ സ്വഭാവവും മാത്രമല്ല ഭാവനയിലും അഖ്യാനകലയിലും ഭാഷയിലും ലാളിത്യവും സൂക്ഷ്മതയും നിറയ്ക്കുകയാണ് പുതുകവിത" (എം.ബി. മനോജ്, 2011: 104). എല്ലാതരത്തിലുള്ള വരേണ്യബോധ്യങ്ങളെയും അട്ടിമറിച്ചുകൊണ്ട് മാറ്റിനിർത്തിയവരുടെ അനുഭവങ്ങൾ പുതുകവിത പങ്കുവെക്കുന്നു. കൂലിത്തൊഴിലാളിയുടെയും വീട്ടുവേലക്കാരിയുടെയും മീൻവിൽപ്പനക്കാരിയുടെയും ലോകങ്ങളിലേക്ക് അത് വാതിൽതുറന്നിടുന്നു. 'കവിതയിൽ താമസിക്കുന്നവർ' എന്ന പുസ്തകത്തിന്റെ അവതാരികയിൽ പുതുകാലകവിതയിലെ താമസക്കാരെ വി.സി. ഹാരിസ് ഇങ്ങനെ വിവരിക്കുന്നു: "മുക്കുവൻ, കടത്തുകാരൻ, കോൾഗേൾ, ചെരിപ്പുകുത്തി, ബസ്റ്റാൻഡിൽ പത്രം വിൽക്കുന്നവർ, ഭാഗ്യക്കുറിക്കാർ, പിച്ചക്കാർ, പഴയസാധനങ്ങൾ വാങ്ങുന്ന ആൾക്കാർ, പാറമടയിലെ പണിക്കാർ, കൂലിപ്പണിക്കാർ, നാടോടികൾ, അന്ധർ, രോഗികൾ, തടവുകാർ" (2005:7). ഇത്തരത്തിൽ ദാരിദ്ര്യം, അനാഥത്വം, പൊതുജീവിതക്രമത്തിൽ ഇടം കിട്ടാതെപോയവർ, ജീവിതവഴികളിൽ ഇടറുകയും, ചിതറുകയും ചെയ്തവർ തുടങ്ങി അരികുജീവിതങ്ങൾക്ക് കവിതയിലേക്ക് പൊതുപ്രവേശനം നേടിക്കൊടുക്കുകയാണ് പുതുകാലകവികൾ.

കവിതയെഴുത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ചുള്ള പാരമ്പര്യസങ്കല്പങ്ങൾ തിരുത്തിക്കൊണ്ട് സൈബർ, അച്ചടിമാധ്യമങ്ങളിലൂടെ പറയാനുള്ളത് വളച്ചുകെട്ടില്ലാതെ കുറിച്ചിടുക എന്ന ശീലമാണ് ദളിത്പെൺകവികളും പിന്തുടരുന്നത്. അവകാശസംരക്ഷണത്തിനുവേണ്ടിയും ചൂഷണത്തിനെതിരായും കൃത്യമായ നിലപാടുകൾ പുലർത്തിയ അവർ, കവിതയിൽ ദളിത്പെൺജീവിതങ്ങളുടെ തനിമയാർന്ന ആവിഷ്കാരം സാധ്യമാക്കിയവരാണ്.

"കാണുന്നീലോരക്ഷരവും എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ട, നേക വംശത്തിൻ ചരിത്രങ്ങൾ
എന്റെ വംശത്തിന്റെ കഥ
എഴുതിവെച്ചീടാൻ പണ്ടീ
ഉർവ്വിയിലൊരുവരുമില്ലാതെ പോയല്ലോ" (2012:25)

എന്ന് പൊയ്കയിൽ അപ്പച്ചൻ, ചരിത്രത്തിലെ ദളിത്അഭാവങ്ങളെക്കുറിച്ച് 'എന്റെ വംശത്തെപ്പറ്റി' എന്ന കവിതയിൽ പരിതപിച്ചതിന്റെ പരിണതഫലമെന്ന നിലയിൽ ചരിത്രത്തിൽ ഇടം നേടാതെപോയ അനുഭവപരിസരങ്ങളാണ് ദളിത്പെൺകവിതകളിൽ നിറയുന്നത്. 'അധികാരത്തിന്റെ ചുഴിഞ്ഞുനോട്ടങ്ങളെയും മാറ്റിനിർത്തലിനെയും പ്രതിരോധിക്കുന്നതിന്റെ ഭാഗമായി, പൊതുബോധത്തിന്റെ ചുഴിഞ്ഞുനോട്ടങ്ങളെ ചോദ്യംചെയ്യുകയും പേരിടലുകളിൽനിന്നും ക

തരിമാറുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെയും കീഴാളജനത പരസ്പരം നോക്കുന്നവരായി മാറിക്കൊണ്ട് മനുഷ്യപദവികളെക്കുറിച്ച് ബോധ്യമുള്ളവരാകേണ്ടതിനെയും' ബെൽഹുക്സ് ചൂണ്ടിക്കാണിച്ചതിനെ കെ.കെ. ബാബുരാജ് ഉദ്ധരിക്കുന്നുണ്ട് (2011:82). ഈ അർത്ഥത്തിൽ ദളിത്പെൺകവികൾ, അവരവരുടെ ജീവിതപരിസരങ്ങളെ സാഹിത്യത്തിലേക്ക് പരാവർത്തനംചെയ്യുന്ന പ്രക്രിയ പരസ്പരനോട്ടത്തിന്റെ സാധ്യതകളെയാണ് വെളിപ്പെടുത്തുന്നത്. മുഖ്യധാരയിലേക്ക് കടന്നുകയറുന്നതിന്റെ ഭാഗമായി ദളിത്പെൺകവികൾ അവരുടെ ജീവിതാനുഭവങ്ങളെ, തനതുഭാഷയിൽ, അടുത്തടുത്തിരുന്ന് വർത്തമാനം പറയുന്ന പ്രതീതിയിലുള്ള ആഖ്യാനം സ്വീകരിച്ചുകൊണ്ടാണ് അവതരിപ്പിക്കുന്നത്. പുതുകവിതയുടെ പൊതുസ്വഭാവത്തെ വിലയിരുത്തുന്ന അവസരത്തിൽ, 'ആത്മകഥ'യെ പലരുടെ ജീവചരിത്രമാക്കി മാറ്റുന്ന രാസപ്രവർത്തനത്തിലാണ് പുതിയ കവി ഏർപ്പെട്ടിരിക്കുന്നതെന്ന് ഇ.പി. രാജഗോപാലൻ (2008:9) വിലയിരുത്തുന്നുണ്ട്. കവിത, നന്നേ ആത്മാർത്ഥമായിത്തീർന്നതോടൊപ്പം സാമൂഹ്യരേഖ എന്നനിലയിലുള്ള അസ്തിത്വവും പിന്തുടരുന്നു (2008:10). ദളിത്പെൺകവികളും ഈ നിരീക്ഷണത്തെ സാക്ഷ്യപ്പെടുത്തുന്ന ഉള്ളടക്കങ്ങളാണ് തങ്ങളുടെ കവിതകളിലൂടെ പങ്കുവെക്കുന്നത്. എം.ആർ. രാധാമണി, വിജില ചിറപ്പാട്, ധന്യ എം.ഡി, സതി അങ്കമാലി, അമ്മു ദീപ തുടങ്ങിയവർ ഈ ഗണത്തിൽ മുൻനിരയിലുള്ളവരാണ്. ദളിത് സ്ത്രീകളുടെ തൊഴിലനുഭവസാക്ഷ്യങ്ങളെ ഇവർ ആഖ്യാനം ചെയ്തതിന്റെ രാഷ്ട്രീയത്തെ വായിച്ചെടുക്കുന്നതിനുവേണ്ടി 'അവരവരുടേതും അന്യരുടേതുമായ അടുക്കളവേലകൾ', 'കരാർത്തൊഴിലാളിയായുള്ള പകർന്നാട്ടങ്ങൾ', 'വയലേലകളിലെ അധ്വാനവഴികൾ', 'കൈത്തൊഴിലിന്റെ സൂക്ഷ്മഭാവങ്ങൾ' എന്നീ ഉപസൂചകങ്ങളെയാണ് ആധാരമാക്കിയിട്ടുള്ളത്.

### വീട്ടകങ്ങളിലെ സൂക്ഷ്മലോകങ്ങൾ

വീട്ടകങ്ങളിലെ സ്ത്രീയുടെ തൊഴിലുകൾ പ്രത്യേകിച്ച് അവരവരുടെ അടുക്കളയിലും വീട്ടുപരിസരത്തിലുമുള്ളവ അദൃശ്യമായ അധ്വാനമായാണ് പൊതുസമൂഹം വിലയിരുത്തുന്നത്. അതേസമയം ജീവിതനിവൃത്തിക്കായി മറ്റുള്ള വീടുകളുടെ അടുക്കളകളിലോ ചായക്കട /ഹോട്ടൽ പോലുള്ള സ്ഥാപനങ്ങളിലെ അടുക്കളകളിലോ പണിയെടുക്കുന്ന സ്ത്രീകൾക്ക് തൊഴിലാളി എന്ന പരിഗണന ലഭിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും അവർക്ക് ജാതി, ലിംഗം, വർഗം, വർണ്ണം എന്നിവയുമായി ബന്ധപ്പെട്ട വിവേചനങ്ങൾ നേരിടേണ്ടിവരുന്നു. അസംഘടിത തൊഴിൽമേഖലയിലെ ഇതരതൊഴിൽവിഭാഗങ്ങൾ അനുഭവിക്കുന്ന മെച്ചപ്പെട്ട തൊഴിൽസാഹചര്യത്തിന്റെയും നിയമപരിരക്ഷയുടെയും അഭാവം, വിശ്രമത്തിനുള്ള ഇടവേള, വേതനവുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ തുടങ്ങിയവ വീട്ടുജോലിചെയ്യുന്നവരും നേരിടേണ്ടിവരുന്നു. തൊഴിലിടത്തിൽ ഒന്നിലധികം അധികാരികളുടെ ഇടയിൽ വിധേയത്വഭാവത്തോടെ കഴിയേണ്ടിവരുന്ന സാഹചര്യമാണ് ഇവർക്കുള്ളത്. സ്ത്രീ, അല്ലെങ്കിൽ മനുഷ്യജീവി എന്ന നിലയിൽപ്പോലും സ്വത്വം അവകാശപ്പെടാനാവാത്ത അവരുടെ നിസ്സഹായതകളെ കലാസാഹിത്യവ്യവഹാരങ്ങൾ പല തലങ്ങളിൽ ആവിഷ്കരിച്ചിട്ടുണ്ട്. പാചകം, പരിചരണം, ശുചീകരണം എന്നിവ നിർവ്വഹിക്കുമ്പോഴും വീട്ടുവേലക്കാരി എന്ന ഒറ്റ ലേബലിൽ അടയാളപ്പെടുന്നവരുടെ ജോലിയുടെ സ്വഭാവവും അതിന്റെ രാഷ്ട്രീയവും സാമൂഹ്യപഠനരംഗത്ത് ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളാണ്. എന്നാൽ തൊഴിലിടത്തിൽ വേണ്ടത്ര വിശ്രമസമയവും, അവധിദിനങ്ങളും അവകാശപ്പെടാനാവാത്ത പരാധീനതയിൽ ഒരു വിഭാഗം വീട്ടുജോലിക്കാർ ഇപ്പോഴും തുടരുന്നു.

 ISSN: 2582 - 2594

പേരുകൊണ്ടുപോലും സ്വത്വം അവകാശപ്പെടാനാവാതെ, സ്വന്തം അടുക്കളയിൽ എപ്പോഴെങ്കിലും എത്തിച്ചേരുമെന്ന് സ്വപ്നം കാണാനാവാത്ത ഉപകരണങ്ങളും സാഹചര്യങ്ങളും അവർ മറ്റൊരടുക്കളയിൽ പരിചയിക്കുന്നു; പെരുമാറുന്നു, ഭക്ഷണവിഭവങ്ങൾ ഒരുക്കുന്നു.

മലയാളത്തിലെ കലാസാഹിത്യവ്യവഹാരങ്ങളിൽ വീട്ടുവേലക്കാരികളുടെ രൂപ ഭാവങ്ങളും പേരും പെരുമാറ്റവുമെല്ലാം വാർപ്പുമാതൃകകളായാണ് അടയാളപ്പെട്ടിരിക്കുന്നത് എന്നതിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അന്യരുടെ അടുക്കളയിലെ വേലക്കാരിയായ അമ്മയെ കാലത്തിനും 'മുൻപേ പറക്കുന്നവളാ'യി വിജില ചിറപ്പാട് വിശേഷിപ്പിക്കുന്നുണ്ട്.

"ഞങ്ങളുടെ വീട്ടിൽ ടി.വി.യോ
ഫ്രിഡ്ജോ മിക്സിയോ
എൽ.പി. ഗ്യാസോ അയൺ ബോക്സോ
ഒന്നുമുണ്ടായിരുന്നില്ല.
എന്നിട്ടും എനിക്കു മുമ്പേ
അമ്മയ്ക്കിതൊക്കെ
പ്രവർത്തിപ്പിക്കാനറിയാം, കാരണം
മാധവിക്കുട്ടിയുടെ കഥകളിലേതുപോലെ
എം.ടി.യുടെ സിനിമകളിലേതുപോലെ
ജാനു എന്ന വേലക്കാരിയാണവൾ" (2014:20)

കാലത്തിനും തലമുറയ്ക്കും 'മുൻപേ പറക്കുന്ന' ഇവർക്ക് സ്വന്തം അടുക്കളയുടെ സാഹചര്യത്തിൽനിന്നും തീർത്തും വിഭിന്നമായ മറ്റൊരു അടുക്കള / അടുക്കളകളാണ് പ്രവർത്തിമേഖലയാവുന്നത്. ഇവിടെ പരിചയിക്കുന്നതൊന്നും അവർക്ക് സ്വന്തം വീടിന്റെ അടുക്കളയിൽ ആവശ്യമായി വരുന്നുമില്ല. ധന്യ എം.ഡി.യുടെ 'സുജ' എന്ന കവിതയിൽ, ചായക്കടയുടെ അടുക്കളയിൽ സ്വന്തം പേരുപോലും അന്യമായ ഒരുവളുണ്ട്,

"അഴുക്കുപാത്രങ്ങൾക്കും
ചായഗ്ലാസ്സുകൾക്കും നടുവിൽ നിന്നും
വേലിച്ചീരകൾക്കിടയിലൂടെ
നേർത്ത് നനുത്തൊരുവിളി...
.............
ഒരു ചായ, പരിപ്പുവട
നാലു ദോശ, ഇച്ചിരിച്ചമ്മന്തി
എന്നിങ്ങനെ നാട്ടുകാരും
ഇപ്പവരാം, ഇപ്പവരാം
എന്നിങ്ങനെ അവളും
പുലർച്ചെ മുതൽ
വിനിമയപ്പെട്ടു..." (2014 :30)

കവി മാത്രം അവളെ 'സുജ' എന്നു വിളിച്ചു. മറ്റുള്ളവർക്ക് അവൾ അവരാവശ്യപ്പെടുന്ന ഭക്ഷണം വിളമ്പിക്കൊടുക്കുന്ന 'കടേലെക്കൊച്ച്' മാത്രമാണ്.

"മോറാനിട്ട എച്ചിൽപ്പാത്രങ്ങൾക്കിടയിലെ
അടക്കിപ്പിടിച്ച പുലഭ്യങ്ങളിൽ നിന്ന്
ഡിറ്റർജന്റിൽ കുതിർത്തി വച്ചിട്ടും
കറയിളകാത്ത രാവുടുപ്പുകളുടെ
മെരുക്കിയ അസംതൃപ്തികൾക്കിടയിൽനിന്ന്
ഒരിക്കലവൾ ഇറങ്ങിപ്പോകുമെന്ന് "

പ്രഖ്യാപിച്ചുകൊണ്ടാണ് അമ്മു ദീപ (2014:51) 'ഇറങ്ങിപ്പോകുന്നവളെ' അവതരിപ്പിക്കുന്നത്. വീട്ടകങ്ങളിലെ കൂലിയില്ലാവേലയിൽ നിന്നാണ് ഇവിടുത്തെ പെൺജന്മം ഇറങ്ങിപ്പോകുന്നത്. 'കുറ്റിച്ചൂലിനും കുപ്പത്തൊട്ടിക്കുമൊപ്പം താനൊളിപ്പിച്ചുവെച്ച അപകർഷതകളെല്ലാം നിറപ്പകിട്ടുള്ള ഉടുപ്പുകളണിഞ്ഞ് ചിത്രശലഭങ്ങളാകും എന്നുമവൾ പ്രത്യാശിക്കുന്നുണ്ട്'. ജാതി, ലിംഗ, തൊഴിൽ അധികാരങ്ങളുടെ 'നേർക്ക് വാതിലുകൾ വലിച്ചടക്കുമ്പോൾ മുഴങ്ങുന്ന ശബ്ദവും പിന്തിരിഞ്ഞു നോക്കാതെ ഇറങ്ങിപ്പോകുന്നവളും'[8] സമൂഹത്തിലേക്കും പടർന്നുകയറുമെന്ന് കവി സ്വപ്നംകാണുന്നു.

## തൊഴിലിടങ്ങളിലെ പകർന്നാട്ടങ്ങൾ

തൊഴിലിന്റെ സ്വഭാവം, വേതനം തുടങ്ങിയവയുടെ കാര്യത്തിൽ കരാറുറപ്പിച്ച് നിശ്ചിതസമയത്തേക്കോ കാലയളവിലേക്കോ ഒരു തൊഴിലിടത്തിലേക്ക് ഇടനിലക്കാർ മുഖേന എത്തുന്നവരാണ് കരാർത്തൊഴിലാളികൾ. വർത്തമാനകാല സാഹചര്യത്തിൽ തൊഴിലിടങ്ങളിലെ പരിചിതകാഴ്ചയായ അന്യസംസ്ഥാനതൊഴിലാളികളും ഈ വിഭാഗത്തിൽപ്പെടുന്നു. തൊഴിലുടമ, മേസ്തി, സഹതൊഴിലാളികൾ എന്നിവർ ചേർന്ന കൂട്ടുമുന്നണിയാണ് ഇവരുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നത്. 'തുല്യജോലിക്ക് തുല്യവേതനം' എന്ന സമതുലിത സിദ്ധാന്തം ഇവിടെ പ്രാവർത്തികമാവുന്നില്ല. ഇതേമേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ഥിരംതൊഴിലാളിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും അവസരങ്ങളും അന്യമായ ഇവരെ രണ്ടാംതരം പൗരന്മാരായാണ് തൊഴിലിടങ്ങളിൽ വിനിമയം ചെയ്യുന്നത്. ഈ സാമൂഹ്യവിവേചനത്തിനു പുറമേ മേസ്തി കരാറുകാരനിൽനിന്നുള്ള പലവിധചൂഷണങ്ങൾക്കും ഇവർ വിധേയരാവുന്നു. തൊഴിലാളിയുടെ അവകാശങ്ങളെപ്പറ്റിയുള്ള ഇവരുടെ അറിവില്ലായ്മ വിവേചനത്തിന്റെയും ചൂഷണത്തിന്റെയും തീവ്രത കൂട്ടുന്നു. കരാറടിസ്ഥാനത്തിൽ തൊഴിൽ ചെയ്യാനെത്തുന്ന സ്ഥാപനത്തിലെ സവിശേഷ ഇടത്തിലെ പൊതു സംവിധാനങ്ങളുടെ ഭാഗമാകാൻ ഇവർക്കു കഴിയുന്നില്ല. അവിടെ നടക്കുന്ന മീറ്റിംഗുകളിലോ, ആഘോഷപരിപാടികളിലോ ഇവരെ പങ്കെടുപ്പിക്കുന്നില്ല.

നാൽക്കവല, ബസ്സ്റ്റാൻഡ്, റെയിൽവേസ്റ്റേഷൻ പരിസരം തുടങ്ങിയ പൊതു ഇടങ്ങളിൽ അന്നന്നത്തെ തൊഴിലിന് തിരഞ്ഞെടുക്കപ്പെടാൻ മേസ്തിമാരുടെ കുടിക്കാഴ്ചയ്ക്കുവേണ്ടി അതിരാവിലെതന്നെ എത്തുന്ന 'മെയ്ക്കാട്ടുകാരി'യെ സുനിത തോപ്പിൽ അവതരിപ്പിക്കുന്നുണ്ട്. ആളും തരവും നിറവും ബോധിച്ചാൽ മേസ്തി, അന്നത്തെ ഏതെങ്കിലും തൊഴിലിടത്തിലേക്ക് തൊഴിലാളിയെ/ തൊഴിലാളികളെ കരാറുറപ്പിച്ച് കൂട്ടിക്കൊണ്ടു പോകുന്നു. തൊഴിലാളിയാകട്ടെ കൂടിക്കാഴ്ചയിൽ മേസ്തിക്ക് ബോധിച്ചാൽ, അന്നത്തെ അന്നത്തിനുള്ള വകയായി എന്ന ആശ്വാസമുതിർത്ത് അയാൾക്കൊപ്പം തൊഴിലിടത്തിലേക്ക് നീങ്ങുന്നു. കരാർ / കുടിയേറ്റത്തൊഴിലാളി നേരിടുന്ന

പതിവുകളാണിത്. വെയിലേറ്റ് മേലുപൊള്ളിയും മഴയിൽ നനഞ്ഞ് കുതിർന്നും കാത്തുനിന്നാലും മേസ്തിരിക്ക് ബോധിച്ചില്ലെങ്കിൽ അന്ന് തൊഴിലില്ല; കൂലിപ്പണിക്ക് തിരഞ്ഞെടുക്കപ്പെടുന്നതിനും മാനദണ്ഡങ്ങളുണ്ട്. അതാകട്ടെ തൊഴിൽ ചെയ്യുന്നതിനുള്ള വൈദഗ്ധ്യമോ പരിചയമോ അല്ല;

> "പണിക്കാളെ കൂട്ടാൻ പലരും വരുന്നുണ്ട്.
> വെളുപ്പിനേ വന്നതാണ്, വെട്ടം വെയിലായിക്കഴിഞ്ഞു.
> എന്നെ പോതിക്കുന്നൊരാൾ
> വരുമെന്ന് കാത്തിരിക്കുന്നു". (സുനിത തോപ്പിൽ, 2014:82)

തൊഴിലാളിമാർ മാത്രമല്ല, തൊഴിലുപകരണങ്ങളും ക്ഷമയോടെ/അക്ഷമയോടെ കാത്തിരിക്കുന്നു; ഉച്ചയാവുന്നു,

> "ആരോഗ്യമുള്ളവർക്കും
> തുടുത്ത് വെളുത്തവർക്കുമൊക്കെ
> ആദ്യം തന്നെ വിളിക്കാർ വരും.
> പ്രായം ചെന്നവരും എല്ലുന്തിയവരും
> ചൊമ കൊരയുള്ളവരുമൊക്കെ
> കുനിഞ്ഞ് കൂടി ഇരിപ്പായി.
> വെയില് ചൂടായി മാറിയിട്ടുണ്ട്
> ഇന്നിനി പണിക്ക് വിളിക്കാനാള് വരില്ല".

തെരഞ്ഞെടുക്കപ്പെടുന്നതിന്റെ മുൻഗണനകൾ അക്കമിട്ടു നിരത്തുമ്പോൾ സാമൂഹ്യ ജീവിതത്തിന്റെ മറ്റുവഴികളിലെന്നപോലെ, കരാർത്തൊഴിലിലും തുടരുന്ന വിവേചനത്തിന്റെ പൊള്ളുന്ന അനുഭവസാക്ഷ്യങ്ങൾ സമൂഹത്തിന്റെ കപടബോധ്യങ്ങൾക്കു നേരെ കൊഞ്ഞനംകുത്തുന്നു. അന്ന് നറുക്കു വീഴാത്തതിനാൽ തൊഴിലാളിക്ക് തിരിച്ചുചെല്ലേണ്ടുന്ന ജീവിതത്തിന്റെ സ്കെച്ചും കവി വായനക്കാർക്കു നൽകുന്നുണ്ട്. അത്, 'ശിഷ്ടജീവിതം പഴങ്കട്ടിലിൽ പതിഞ്ഞു പോയ ഒടപ്പെറന്നോൻ, ഇനിയും ബുക്കും പൊസ്തകോം വാങ്ങിക്കൊടുക്കാത്ത പിള്ളേര്, വട്ടിപ്പലിശ വാങ്ങാനെത്തുന്ന അണ്ണാച്ചി, ചിട്ടിക്കാശ് വാങ്ങാൻ വരുന്ന ദാമോദരൻ, ലോണിന്റെ ജപ്തി...' പരാധീനതകൾ തീരുന്നില്ല. ഒടുവിൽ രാവിലെ കടയുടെ മുന്നിൽ ഇറക്കിയ അതേ വണ്ടിയിൽ തിരികെയാത്ര; തിരിച്ചുപോകാനുള്ള വണ്ടിക്കൂലി മടിക്കെട്ടിലുണ്ടെന്ന് ഉറപ്പിക്കുന്ന വേവലാതി. കരാർ /കുടിയേറ്റത്തൊഴിലാളിയുടെ ദിനസരിക്കുറിപ്പ് ഇവിടെ തീരുന്നു. പറഞ്ഞതിലുമധികം പറയാതെ വിട്ടുകളഞ്ഞ ജീവിതനേർക്കാഴ്ചകൾ.

തൊഴിലിനിടയിൽ സംഭവിച്ച / സംഭവിച്ചേക്കാവുന്ന അപകടങ്ങളെ 'വല്യമ്മായി' എന്ന കവിതയിൽ കവി ആഖ്യാനംചെയ്യുന്നതിങ്ങനെ:

> "നാലാള് താങ്ങിക്കൊടുത്ത കാളക്കൊമ്പൻ കരിങ്കല്ല്
> ലോറീലോട്ട് തട്ടുമ്പോൾ ചെളി തെന്നിയാണ്
> മൂത്തമോള് ഓമന കല്ലിനൊപ്പം പോയത്
> കുളിപ്പിച്ച് കെടത്തുമ്പോൾ ആളുകൾക്ക് കാണാൻ
> മുഖമില്ലായിരുന്നു അതിന് " (2014: 83).

അസംഘടിതരുടെ ജീവിതഭാഗധേയങ്ങളെ അത്രമേൽ തീവ്രവും യഥാതഥവുമായി ആഖ്യാനംചെയ്യുന്ന വരികളാണിവ. തൊഴിൽസംഘർഷങ്ങളെ അഭിസംബോധന ചെയ്യുന്ന മറ്റു സാംസ്കാരികപ്രവർത്തനങ്ങളിൽ നിന്നും ഇത്തരം ഉള്ളടക്കങ്ങൾ അതിലെ പരുക്കൻയാഥാർത്ഥ്യത്തിന്റെ ആവിഷ്കരണംകൊണ്ട് വേറിട്ടു നിൽക്കുന്നു.

**വയലേലകളിലെ അനുഭവസാക്ഷ്യങ്ങൾ**

തൊഴിൽമേഖലയിലെ മറ്റുവിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതൽ തൊഴിലാളികൾ ഇടപഴകുന്ന രംഗങ്ങളിലൊന്നാണ് കാർഷികമേഖല. ഇവിടെ തൊഴിൽലഭ്യത സീസൺ അനുസരിച്ച് ക്രമപ്പെടുന്നു. ഒരു വിളവെടുപ്പ് കഴിഞ്ഞ് അടുത്ത കൃഷിയിറക്കുന്നതിനുള്ള ഇടവേളയിൽ തൊഴിലാളി മറ്റൊരു തൊഴിൽമേഖലയിലേക്കോ മറ്റു കാർഷിക ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട മേഖലയിലേക്കോ മാറിപ്പോകുന്നു. സ്ഥിരവരുമാനമില്ലാത്തതും കാലാവസ്ഥയനുസരിച്ചുള്ള ഉല്പാദനവും പാരമ്പര്യമായി ഈ രംഗത്ത് തുടരുന്നവരെ പലപ്പോഴും കടക്കെണിയിലാക്കുന്നു. യന്ത്രോപകരണങ്ങളുടെയും സാങ്കേതികവിദ്യകളുടെയും കടന്നുകയറ്റം മനുഷ്യാധ്വാനത്തെ ആവശ്യപ്പെടാത്തതും കാർഷികമേഖലയിലെ തൊഴിൽലഭ്യതയെ ബാധിക്കുന്ന ഘടകങ്ങളാണ്.

കാറ്റിനോട്, വെയിലിനോട്, മഴയോട് പടപൊരുതി 'മണ്ണിൽ പൊന്നുവിളയിക്കുന്നവർ' എന്ന് കാവ്യഭാഷ വിനിമയം ചെയ്യുന്ന കർഷകരുടെ അധ്വാനത്തെയും അവരെ ജാതിശരീരങ്ങളായി കാണുന്ന പൊതുസമൂഹത്തിന്റെ സമീപനത്തെയും ആക്ഷേപഹാസ്യത്തിന്റെ കൂർത്തമുനകളാൽ കോറിയിടുന്നുണ്ട് പി. ലിസ, 'ഉതപ്പ് ' എന്ന കവിതയിൽ,

"ചൊറിഞ്ഞു കുത്തിയ മണ്ണിനെ
വെട്ടിയുണർത്തി, തടം നനച്ച്
പതം വരുത്തി, വിത്തെറിഞ്ഞ്
തീനും കുടീമില്ലാതെ
മഞ്ഞും മഴേംന്നില്ലാതെ
വെയിലത്തും കത്തിയെരിഞ്ഞ്
മുട്ടറ്റം ചെളിയിലേക്ക്
ഉപ്പുണങ്ങിയ വിയർപ്പിനെ
കലിപ്പോടെ വലിച്ചെറിഞ്ഞ്
തലവെട്ടി, മടയടച്ച പോറ്റിയ നെല്ലുമൂർന്ന്
കറ്റമെതിച്ച അറനിറച്ച
നിവർന്നപ്പോഴേക്കും അയിത്തപ്പെട്ടേ..." (2014:27)

ഉല്പന്നത്തിന്റെ സ്വീകാര്യതയും അംഗീകാരവും ഉല്പാദകർക്ക് ലഭിക്കാത്ത സാമൂഹ്യപശ്ചാത്തലം അസ്തമിച്ച എന്ന വസ്തുതയെ കാറ്റിൽപ്പറത്തി മണ്ണിനെയും മണ്ണിൽ പണിയെടുക്കുന്നവരെയും വർത്തമാനകാലത്തും അകറ്റിനിർത്തുന്ന സവർണ്ണബോധ്യങ്ങൾക്കുനേരെയാണ് കവിവാക്ശരമുതിർക്കുന്നത്.

മഴയും കൊയ്ത്തും ശ്ലേഷാർത്ഥം പങ്കിടുന്ന ചാരുതയാണ് 'മഴക്കൊയ്ത്ത് ' എന്ന കവിതയിൽ അജിത അവതരിപ്പിക്കുന്നത്.

"അരിവാളിൻ മൂർച്ചയാൽ
കച്ചി മുറിയുന്ന ഒച്ചയിൽ
കതിർ ഇടത്തും വലത്തും
ചരിച്ചിട്ട് കൊയ്യുമ്പോൾ
കതിർമണികൾ ഉരസുന്ന
ചിലുങ്ങുന്ന ശബ്ദത്തിൽ
മഴക്കൊയ്ത്തു തുടങ്ങുന്നു.
കറ്റ കെട്ടിയും അടുക്കിയും
വലിയ ചുമടായ് തലയിൽ താങ്ങിയും
കറ്റക്കളങ്ങൾ തന്നരികിൽ
പുകയറ പോലെ കറുത്തു മെലിഞ്ഞവരുടെ
കിതപ്പുകൾ പോലെയും
മഴപ്പെയ്ത്ത് തുടരുമ്പോൾ..." (2014: 86) കൊയ്ത്തുമായി ബന്ധപ്പെട്ട ശബ്ദ, ചലനസൂക്ഷ്മതകൾ ഒന്നൊഴിയാതെ 'മഴപ്പെയ്ത്തി'ലേക്ക് കവി ഒപ്പിയെടുക്കുമ്പോൾ കൊയ്ത്തിന്റെ, കൊയ്ത്തനുഭവങ്ങളുടെ സ്പർശ, ദൃശ്യപാഠങ്ങളെയാണ് ആവിഷ്കരിക്കുന്നത്. അതേ അനുഭവപുസ്തകത്തിലെ അടുത്ത അധ്യായമായി ചേർത്തുവെക്കാവുന്ന ഉള്ളടക്കമാണ് എം.ആർ. രാധാമണിയുടെ 'തരിച്ച കതിരുകളി'ലുള്ളത്.

"കലങ്ങൾ നെല്ല് വറുക്കുന്നതിന്റെ
പിന്നാമ്പുറങ്ങളിൽ വരണ്ട ചുണ്ടുകളോടെ
ഉറുമ്പിനിരയായൊരു പുട്ടിലുണ്ട്.
പറന്നു പോകാതെയും പറക്കമുറ്റാതെയും
പുട്ടിലിന്റെ പിടച്ചിലുകളെ
വാ പൊത്തിപ്പിടിച്ചൊരു
നനവ് മാറാത്ത കട്ടയുണ്ട്.
...........
വായ്ത്താരികളും കാണാ ഏടുകളും
ഒരു ചിക്ക പായിൽ കൊടഞ്ഞിട്ട്
പേറ്റിപ്പെറുക്കിയും കൂട്ടി വായിച്ചും
തരിച്ച കതിരുകൾക്ക് ഞെട്ടറ്റു വീണ
മറുപിള്ളയുടെ തലകളെ വെറുതെ
ഒറ്റയായും പെട്ടയായും തരം തിരിക്കാൻ" (2014:63)

വയലിൽ കൊയ്ത്തു നടക്കുമ്പോൾ, ശീലക്കുട ചൂടി വരമ്പത്തു നിൽക്കുന്ന മേലാളന്റെ കണ്ണു വെട്ടിച്ച്, തൊഴിലിടത്തിൽ കിടത്തിയ കുഞ്ഞിനു സമയത്തു പാലുകൊടുക്കാൻ കഴിയാത്തതിനാൽ ഉറുമ്പരിച്ച കുഞ്ഞുജീവനും കതിരിൽ ഉറച്ചുപോയ പാലും കൊയ്ത്തനുഭവങ്ങളിൽ നാളിതുവരെ അടയാളപ്പെടുത്താതെ പോയവയാണ്. ദളിത്പെൺകവിതകളിലൂടെ ഇവയ്ക്കു ലഭിക്കുന്ന ദൃശ്യത മണ്ണും പെണ്ണും തമ്മിലുള്ള ഐക്യപ്പെടലിന്റെ സൂചനകൂടിയാവുന്നു.

**കരവിരുതിലെ കവിത (ജീവിതവും)**

പരമ്പരാഗതമായ അറിവും തൊഴിൽനൈപുണിയും സമന്വയിച്ച് പ്രവർത്തിക്കുന്ന കൈത്തൊഴിൽ മേഖലയിൽ കരകൗശലവസ്തുക്കളുടെയും, വീട്ടുപകരണങ്ങളുടെയും നിർമ്മാണമാണ് ഏറെയുള്ളത്. മണ്ണ്, തടി, ലോഹം, കല്ല്, ഓല തുടങ്ങിയവ കൊണ്ടുള്ള കൗതുകകരവും ഉപയോഗപ്രദവുമായ വസ്തുക്കൾ, തുണിനെയ്ത്ത് തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു. കാലാവസ്ഥാവ്യതിയാനവും മറ്റും സൃഷ്ടിക്കുന്ന അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും തൊഴിൽനൈപുണിയുമായി ബന്ധപ്പെട്ട കാലികമായ പരിവർത്തനങ്ങൾ അസംഘടിതരിലേക്കെത്താത്തതും അവരുടെ ഈ മേഖലയിലെ തൊഴിലവസരങ്ങൾ കുറയ്ക്കുന്നു. ഉല്പന്നങ്ങൾ പലപ്പോഴും ആവശ്യക്കാരിലേക്ക് ഉല്പാദകർ നേരിട്ടെത്തിക്കുന്നു എന്നത് ഈ മേഖലയുടെ സവിശേഷതയാണ്.

കുട്ടയും വട്ടിയും പായയും മുറവും നെയ്യുന്ന തൊഴിൽജീവിതങ്ങളെയാണ് ധന്യ എം.ഡി. 'നെയ്തുനെയ്തെടുക്കുന്നവ' എന്ന കവിതയിൽ ആവിഷ്കരിക്കുന്നത്. ജ്യാമിതീയരൂപങ്ങൾ പോലെയുള്ള അവരുടെ ഇരിപ്പ്, നെയ്യുന്നതിനുള്ള അസംസ്കൃതവസ്തുക്കൾ, നെയ്തുകൊണ്ടിരിക്കുന്ന ഉപകരണങ്ങൾ, നെയ്തുപൂർത്തിയാക്കിയവ എന്നിങ്ങനെ തൊഴിൽക്കൂട്ടത്തിന്റെ ചലനങ്ങൾ ക്യാമറക്കണ്ണിലെന്നതുപോലെ കവിത ആഖ്യാനംചെയ്യുന്നു

"വിരൽ വഴക്കങ്ങളാൽ
നിവർന്നും മടങ്ങിയും വന്ന
സ്വപ്നത്തിന്റെ ചെറുകഷണങ്ങൾ.
..............................
തെങ്ങോലകൾ വിയർത്ത
ഉടലിലേക്ക് തണുപ്പ് വീശി
അപ്പോൾ തേരും ചതുരവും
പൊന്തു തീർന്ന് നടുവൊന്നു
നിവർത്തെഴുന്നേല്ക്കുമ്പോൾ
സൂക്ഷ്മനോട്ടങ്ങളാൽ ഇടുങ്ങിയ
കണ്ണുകൾ വിടർത്തി നോക്കുമ്പോൾ
പടരുന്നുണ്ടൊരാശ്വാസം
നാളെയൊരാൾക്ക് വണ്ടിക്കൂലിയായ്" (2014:28)

തഴപ്പായ നെയ്ത്തിന്റെ സൂക്ഷ്മതകൾ അസാധാരണമാംവിധം ഇഴപിരിച്ചുചേർത്ത വരികൾ അവസാനിക്കുമ്പോൾ പങ്കുവെക്കുന്നത് കടുത്ത കായികാധ്വാനത്തിന് കിട്ടുന്ന കൂലിയുടെ ആശ്വാസമാണ്. രാവിലെ വണ്ടിക്കൂലിക്ക് നീളുന്ന കൈകളിൽ ഒന്നിലെങ്കിലും വെച്ചുകൊടുക്കാനുള്ള ചില്ലറയ്ക്കുള്ള വകയായതിൽ അതുവരേക്കും ഉണ്ടായിരുന്ന അധ്വാനത്തിന്റെ വല്ലായ്മകൾ മാഞ്ഞുപോകുന്ന നെടുനിശ്വാസമുതിരുന്നു.

'അച്ഛൻ' എന്ന കവിതയിൽ അജിത, കൊട്ടമെടയുന്നതിലെ പൊളിക്കീറുകളെ കുടുംബമായിത്തന്നെ നെയ്തെടുക്കുന്നു.

"മനസ്സുകൊണ്ടും വാക്കു കൊണ്ടും
അടുക്കപ്പെട്ടവർ ഞങ്ങൾ
പത്തോ പതിനാറോ പൊളിക്കീറുകൾ" (2014:85).

 ISSN: 2582 - 2594

ഇവിടെ നെയ്തുനിവരുന്നത് കൊട്ടയല്ല; കുടുംബവവും വ്യത്യസ്തമാർന്ന ജീവിതാവസ്ഥകളുമാണ്. തൊഴിലിലൂടെ സ്വയംഅടയാളപ്പെടുത്തുന്ന ഇത്തരം മനുഷ്യരെ കാവ്യലോകത്തേക്ക് കൈപിടിച്ച കയറ്റിയതിനാലാണ് ദളിത് പെൺകവികളുടെ രചനകൾ അതിലെ വിഷയാധിഷ്ഠിതസമീപനത്താൽ വേറിട്ടു നിൽക്കുന്നത്. അതുല്യമായ ഈ ശ്രമങ്ങളിലൂടെയാണ് അവൾ / അവർ കവിതയെന്ന സാഹിത്യവ്യവഹാരത്തിൽ തങ്ങളുടെ സ്ഥാനമുറപ്പിക്കുന്നത്. "പുതുകവിതയുടെ മുഖ്യധാരയിൽനിന്നു മാത്രമല്ല സ്ത്രീഭാവുകത്വത്തിന്റെ ജനപ്രിയഘടനയിൽ നിന്നുതന്നെ ഈ കവിതകൾ വഴിപിരിയുന്നു. കീഴാളാനുഭവങ്ങൾക്കകത്തെ ദുർബലമായ മാഴ്കലിനെ തെളിച്ചവും ഊർജ്ജവുമുള്ള നിറചിരികളാക്കി മാറ്റുകയാണ് ഈ കവിതകൾ" എന്ന് ജി. ഉഷാകുമാരി (2014:11) എഴുതുമ്പോൾ ദളിത്പെൺകവിതകൾ മുന്നോട്ടുവെക്കുന്ന പ്രതിരോധത്തിന്റെ രാഷ്ട്രീയത്തെക്കൂടിയാണ് വെളിപ്പെടുത്തുന്നത്.

### അനുഭവസഞ്ചയത്തിലെ അനന്യപാഠങ്ങൾ

മുഖ്യധാരയ്ക്കു പുറത്ത്, പതുക്കെയെങ്കിലും തങ്ങളുടെ ഒച്ച കേൾപ്പിക്കുന്നവരെ ചേർത്തു വരച്ച കാവ്യഭൂപടങ്ങൾ ഇനിയുമുണ്ട്. അവ 'ദാർശനികഭാരംകൊണ്ട് കുനിയാത്ത ശിരസ്സും കലാപത്തിന്റെ വ്യർത്ഥതകളാൽ മുറിപ്പെടാത്ത ശരീരവും മണ്ണിലുറപ്പിച്ച കാലുകളുമായി നാട്ടുവഴികളിലൂടെ സഞ്ചരിച്ച്, പ്രകാശം വറ്റിയ ഒഴിഞ്ഞ കണ്ണുകളിൽ പ്രതീക്ഷകൾ നിറച്ച് ചെറിയ ചോദ്യങ്ങൾ ഉന്നയിച്ച് ആരവങ്ങളും ആഘോഷങ്ങളുമില്ലാതെ ബഹിഷ്കൃതരുടെ ജീവിതത്തിൽ ഇടപെടുന്നതിന്റെ' (ഒ.കെ.സന്തോഷ്, 2011:19) കവിതാസാക്ഷ്യങ്ങളാണ്. എസ്. ജോസഫ്, എം.ആർ. രേണുകുമാർ, സുനിൽ കുമാർ എസ്, രാജേഷ് കെ. എരുമേലി, ടി. സാജു, എം.കെ. മധുകുമാർ തുടങ്ങിയ കവികളും തൊഴിലിടത്തിലെ അസംഘടിതരുടെ അനുഭവങ്ങളെ കാവ്യപ്രമേയമാക്കിയിട്ടുണ്ട്. അതേസമയം അവ ദളിത് സ്ത്രീയനുഭവങ്ങളിലേക്കുള്ള നോട്ടങ്ങൾ മാത്രമായി ചുരുങ്ങിപ്പോകുന്നുമില്ല. കെ.കെ. ബാബുരാജ് നിരീക്ഷിച്ചതു പോലെ "സാമ്പ്രദായിക കവിതയിലെ ഗൃഹാതുരത്വങ്ങളെ പ്രതിഫലിപ്പിക്കാതെയും പൊതുധാരയുടെ തിരസ്കാര - നിയന്ത്രണ - സംവഹന ഉപാധികളെ പൊളിച്ചെഴുതിയും രൂപപ്പെടുത്തിയ ജൈവികസാന്നിധ്യങ്ങളും ഇടങ്ങളും കൂടിയാണത്" (2011:83). ഇടവഴികൾ, മലയടിവാരങ്ങൾ, തട്ടുകടകൾ, ചന്തകൾ തുടങ്ങി വരേണ്യതാബോധം പുറമ്പോക്കുകൾ എന്ന് പുരികം ചുളിക്കുന്ന ഇടങ്ങളും അവിടുത്തെ വിയർപ്പും കണ്ണീരും വീണുകതിർന്ന അനുഭവങ്ങളുമാണ് അവ.

"കുടപ്പനയുടെ മടലിൽ നിന്ന്
വഴുകയും തേരും കിട്ടുന്നു.
കട്ടൻ കുടിച്ച് മുറുക്കിച്ചുവപ്പിച്ച്
ഒട്ടലും തേരും പിടി പോയ അരുവായും ചേർത്ത്,
അല്ലെങ്കിൽ വഴുകവള്ളിയും തേരും ചേർത്ത്
പാട്ടും ചേർത്ത് കൊട്ടകെട്ടുന്നു.
അലകു പാകി പൊളി ചുറ്റി
ചവിട്ടിപ്പിടിച്ചു തുടങ്ങുമ്പോൾ
അതൊരു കുഞ്ഞു സൂര്യനാണ്" (എസ്. ജോസഫ്, 2012:93).

'കൊട്ട' എന്നതന്നെ തലക്കെട്ടുള്ള കവിതയിൽ, കൊട്ടമെടയുന്നതിന്റെ കരവിരുതും അതിന്റെ ജൈവികപരിസരവും വാങ്മയദൃശ്യങ്ങളാവുന്നു.

കൊട്ടയുടെ വിപണനത്തിന്റെ അവതരണം തൊഴിലാളിയുടെ ജീവിതത്തിന്റെ നേർക്കാഴ്ച കൂടിയാവുന്നുണ്ട്. 'കൊട്ടകൾ കൈച്ചെരവയും തഴപ്പായയും', 'ആറാട്ടിനും പെരുന്നാളിനും പോയവ, ചട്ടികളും പിഞ്ഞാണങ്ങളു'മായും തിരികെ വരുന്നതിനെക്കുറിച്ച് എഴുതുമ്പോൾ തൊഴിലിലൂടെ ജീവിതം മെടയുന്നവരുടെ നിറംമങ്ങിയ ജീവിതാവസ്ഥകളാണ് കവി വരച്ചിടുന്നത്.

'മിണ്ടാപ്രാണി'യിലൂടെ എം.ആർ. രേണുകുമാർ അവതരിപ്പിക്കുന്നത് ഇതോടു ചേർത്തുവയ്ക്കാവുന്ന മറ്റൊരുകാഴ്ചയെയാണ്. 'കാക്ക നിലത്തിറങ്ങും മുമ്പ് ഉണർന്ന് കറവക്കാരൻ എത്തും മുമ്പേ ചാണകം വാരി തൊഴുത്തു വൃത്തിയാക്കി, കറവപ്പാത്രവും എണ്ണക്കുപ്പിയും എടുത്തു വെച്ച് കറവയ്ക്കുള്ള പശ്ചാത്തലം ഒരുക്കുന്നവൾ,

"തുറുവിലെ കച്ചി തീരാറായെങ്കിലും
ചട്ടത്തിൽ കയറി നിന്ന്
കുറച്ചു വലിച്ചതിന്നു കൊടുക്കണം
അയൽപക്കത്തെ മൂന്നു വീടുകളുടെ
പിന്നാമ്പുറത്തുപോയി
കാടിവെള്ളം എടുക്കണം
..................................
അലക്കു കല്ലിൽ തേച്ച്
അരിവാളിനല്പം മൂർച്ച കൂട്ടണം
പോറ്റിടെ പറമ്പിൽ പുല്ല് ചെത്താൻ പോകണം
പുല്ലിൻ കെട്ട് പൊക്കിത്തരാൻ
വഴി പോക്കരെ കാത്തുനില്ക്കണം" (2012:106)

ഒന്നിനുപിറകെ ഒന്നായി അവളുടെ തൊഴിലിന്റെ ഘട്ടങ്ങൾ പുരോഗമിക്കുമ്പോഴും 'മിണ്ടാപ്രാണി'യെ പരിചരിക്കുന്നവൾക്ക് വിശ്രമമില്ല. അവകാശപ്പെട്ടതിനുവേണ്ടി വാദിക്കാൻ അവൾക്കു ശബ്ദമില്ല. 'മിണ്ടാപ്രാണി'യെന്ന വിശേഷണത്തിന്റെ ഒറ്റവാക്കിൽ അവളുടെ ജീവചരിത്രം മുഴുവനും തെളിഞ്ഞു നിൽക്കുന്നുണ്ട്.

'നെല്ലുണക്കിച്ചിക്കുമ്പോൾ കാൽവെള്ളയിൽ ഉറഞ്ഞിരിക്കുന്ന കിരുകിരുപ്പും' (സുനിൽകുമാർ, 2012:129) 'തോടിന്നിരുകരയിലുമുള്ള കൈത മുറിച്ചെടുത്ത് മുള്ളുകൾചീകി പാറമേൽ ഉണക്കി അമ്മ നെയ്യുന്ന തഴപ്പായയിൽ കിടക്കുമ്പോൾ ഉടലിൽ നിറയുന്ന തോടിന്റെ ഒഴുക്കിന്റെ തിടുക്കവും' (രാജേഷ് ചിറപ്പാട്, 2012:142) 'അമ്മമാർ മെതിക്കളത്തിന്റെ ഉശനിലയിലേക്ക് ചുമ്മിമാറ്റുകയും രാത്രി മുഴുവൻ വറുത്തു കുത്തുകയും ചെയ്യുന്ന മുന്നാഴി നെല്ലിനെക്കുറിച്ചും' (മധുകുമാർ, 2012:162) മൊഴിയുന്ന കവിതകൾ തൊഴിലിടങ്ങളുടെ ബഹുസ്വരതകളെയും അതിന്റെ ചൂടുംചൂരുമുള്ള ആത്മബോധങ്ങളെയും സ്ത്രൈണാനുഭവങ്ങളെയും കവിതയിലേക്ക് ആവാഹിക്കുന്നു.

 ISSN: 2582 - 2594

**ഉപസംഹാരം**

മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിലും പുരോഗതിയിലും പങ്കാളിത്തം വഹിക്കുന്ന നിരവധി ഘടകങ്ങളിൽ അവർ ഏർപ്പെടുന്ന തൊഴിലിനും സവിശേഷസ്ഥാനമുണ്ട്. അതത് കാലഘട്ടത്തിലെ സാമൂഹ്യതാല്പര്യങ്ങളെ മുൻനിർത്തിയാണ് അതിന്റെ നിലനിൽപ്പും പരിവർത്തനങ്ങളും സാധ്യമാകുന്നത്. വ്യക്തിയെ സമൂഹവുമായി കണ്ണിചേർക്കുന്നതിൽ അവർ വ്യാപരിക്കുന്ന തൊഴിലും തൊഴിലിടങ്ങളും ചെലുത്തുന്ന സ്വാധീനം ചെറുതല്ല. മാനവികതയിലൂന്നിയ തൊഴിൽസംസ്കാരവും രാഷ്ട്രീയവും രൂപപ്പെടുത്തുന്നതിൽ ഇവിടുത്തെ സാമൂഹ്യ, രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ ബഹുദൂരം മുന്നോട്ട് പോവുകയും ചലനാത്മകമായി തുടരുകയും ചെയ്യുന്നു. എങ്കിലും ലോകവ്യാപകമായി തൊഴിൽ ഉൾപ്പെടെയുള്ള മാനുഷികവ്യാപാരങ്ങളിൽ നിലനിൽക്കുന്ന സങ്കീർണ്ണതകൾ ഇന്ത്യയിലെയും കേരളത്തിലെയും തൊഴിൽസാഹചര്യങ്ങളെ പുനർനിർണ്ണയിക്കുന്നതിന് ഇടയാക്കുന്നു.

തൊഴിലനുഭവങ്ങൾ ഉള്ളടക്കമായുള്ള സാഹിത്യരൂപങ്ങൾ ഇത്തരം സങ്കീർണ്ണതകളെയും അഭിസംബോധന ചെയ്യുന്നുണ്ട്. അസംഘടിത തൊഴിലിടങ്ങളിലെ സ്ത്രീജീവിതങ്ങളെ പുതുകവിത ആവിഷ്കരിച്ചത് എങ്ങിനെയാണ് എന്നറിയാനുള്ള ശ്രമമാണ് നടത്തിയത്. ദളിത്പെൺകവികൾ, അസംഘടിതതൊഴിലിടങ്ങളിലെ സ്ത്രൈണാനുഭവങ്ങളെ, അതിന്റെ ഉള്ളുകങ്ങളെ ഏറ്റവും സൂക്ഷ്മമമായി അവരുടെ കവിതകളിലേക്ക് കൊണ്ടുവന്നിരിക്കുന്നു. സച്ചിദാനന്ദൻ നിരീക്ഷിച്ചതുപോലെ 'സാഹിത്യഭാഷയുടെയും വിഷയത്തിന്റെയും നിഗൂഢതകളെ മറനീക്കി വെളിച്ചത്തുകൊണ്ടുവരുന്ന പുതുകവിതയുടെ രീതിയും പ്രാന്തവല്ക്കരിക്കപ്പെട്ട സംസ്കാരങ്ങൾക്ക് അത് നൽകുന്ന ഇടവും' (2013:110) ഈ കവിതകളും സാധ്യമാക്കുന്നുണ്ട്. തൊഴിലിടങ്ങളിലെ സാമൂഹ്യബന്ധങ്ങൾ, വ്യക്തിക്ക് തൊഴിൽരംഗത്തെ പ്രവർത്തനങ്ങളും തുടർജീവിതവും പ്രസാദാത്മകമായി നേരിടുന്നതിനുള്ള ഊർജ്ജം നൽകുന്നു. തൊഴിലാളി വ്യാപരിക്കുന്ന തൊഴിലിടത്തിന്റെ അനുഭവപരിസരങ്ങളും, അവിടത്തെ സന്ധികളും പ്രതിസന്ധികളും അതേതീവ്രതയിൽ കവിതയിൽ നിറയുന്നു.

വിശകലനത്തിനായി തെരഞ്ഞെടുത്ത കവിതകളിൽ അസംഘടിത തൊഴിൽമേഖലയിൽ ഉപജീവനം തേടുന്ന ദളിത്, കീഴാളസ്ത്രീകൾ നേരിടുന്ന സ്ത്രീവിരുദ്ധതയുടെയും ലിംഗവിവേചനത്തിന്റെയും രാഷ്ട്രീയം ഏറ്റവും ശക്തമായിത്തന്നെ പറഞ്ഞുവെക്കുന്നുണ്ട്. കരാർ, കൈത്തൊഴിൽമേഖലകളിൽ അവർക്ക് ലഭിക്കുന്ന അയഞ്ഞ തൊഴിലവസ്ഥകളും വീട്ടുകങ്ങളിലെ ജോലിയുമായി ബന്ധപ്പെട്ട് അവർ അഭിമുഖീകരിക്കുന്ന സ്വത്വപ്രതിസന്ധിയും തൊഴിലുടമയോട് / ഉടമകളോട് പുലർത്തേണ്ടി വരുന്ന വിധേയത്വവും കവിത അഭിസംബോധന ചെയ്യുന്നുണ്ട്. മനുഷ്യന്റെ തൊഴിൽശക്തി ഏറ്റവുമധികം വിനിയോഗം ചെയ്യുന്ന കർമ്മരംഗമെന്ന നിലയിൽ ചെറുകിടകർഷകരുടെ അനുഭവങ്ങളുടെ പിടച്ചിലുകളെ ആലങ്കാരിക പ്രയോഗങ്ങൾകൊണ്ട് അലോസരപ്പെടുത്താത്ത ഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നു. കുട്ടയും വട്ടിയും പായയും നെയ്യുന്നതിന്റെ ചലനസാന്ദ്രതയും അവരുടെ കരവിരുതിൽ നെയ്തുനിവരുന്ന സൗന്ദര്യത്തെയും ജീവിതത്തെയും അടുത്തുനിന്ന് അനുഭവിക്കുന്ന തരത്തിലുള്ള ആവിഷ്കാരവുമായി കീഴാളജീവിതത്തിന്റെ ഇടങ്ങൾ ഓരോന്നായി ദളിത്പെൺകവികൾ നിർമ്മിച്ചെടുക്കുന്നു. ദലിത് സ്ത്രീകളുടെ തൊഴിൽജീവിതത്തെ ഒട്ടും അതിശയോക്തിയില്ലാതെ ഉപമകൾക്കും ധ്വനികൾക്കും ഇടമില്ലാ

ത്ത ഭാഷയിൽ ആവിഷ്കരിക്കുന്നതിലൂടെ കവിത, അസംഘടിതരുടെ പ്രശ്നങ്ങളിലും അതിന്റെ വ്യതിരിക്തരായ രാഷ്ട്രീയ ഇടപെടലുകൾ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. തൊഴിലിലും തൊഴിലിടത്തിലുമുള്ള ആശാസ്യകരമല്ലാത്ത നയങ്ങളെ ഘടനാപരമായിത്തന്നെ പൊളിച്ചെഴുതിക്കൊണ്ട് സംഘടിത / അസംഘടിത തൊഴിൽമേഖലകളിൽ തൊഴിലാളികളുടെ ഉപജീവന ബദലുകൾ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയാണ് കവിതകൾ (കവികൾ) മുന്നോട്ടുവെക്കുന്നത്.

## കുറിപ്പുകൾ

1 1948-ൽ പ്രാബല്യത്തിൽ വന്നു. ഇന്ത്യയിൽ വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിലുടമകൾ നൽകേണ്ട ഏറ്റവും കുറഞ്ഞ വേതനം ഉറപ്പാക്കുന്ന നിയമ നിർമ്മാണം. തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയുകയും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി അഞ്ചു വർഷത്തിൽ കൂടാത്ത ഇടവേളകളിൽ വേതനം പുനരവലോകനം ചെയ്യാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ അധികാരപ്പെടുത്തുന്നു.

2 1976-ൽ പ്രാബല്യത്തിലായി. ഇന്ത്യൻ ഭരണഘടനയുടെ 39 (ഡി) വകുപ്പ് പ്രകാരമുള്ള പൗരന്റെ മൗലിക അവകാശം. ലിംഗവ്യത്യാസമില്ലാതെ ഒരേ ജോലി ചെയ്യുന്നവർക്ക് തുല്യമായ വേതനം നൽകണമെന്ന നിയമം. തൊഴിലിടങ്ങളിൽ ലിംഗപരമായ വിവേചനം കുറക്കുന്നതിനും തുല്യത ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു.

3 മെയ് ദിനം (തൊഴിലാളി ദിനം) തൊഴിൽ സമയം എട്ടുമണിക്കൂറായി നിജപ്പെടുത്തിയതിന്റെ ആഘോഷം. ലോകത്തെല്ലായിടത്തുമുള്ള തൊഴിലാളികളുടെ ജോലി സമയം 8 മണിക്കൂറാണ് എന്ന് അംഗീകരിച്ചതിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും മെയ് 1 ലോക തൊഴിലാളി ദിനമായി ആചരിക്കുന്നു.

4 സാമൂഹികനീതിയും മനുഷ്യാവകാശങ്ങളും തൊഴിൽ അവകാശങ്ങളും അന്താരാഷ്ട്ര തലത്തിൽ തന്നെ സംരക്ഷിക്കുന്നതിനായി ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ ഏജൻസി

5 ഒരു കൃഷിയിടത്തിൽ ഒരിനം വിള മാത്രം കൃഷിചെയ്യുന്ന രീതി

6 കൃഷിയിടങ്ങൾ, പ്രത്യേകിച്ച് ഏകവിളത്തോട്ടങ്ങളിലേക്ക് തൊഴിലാളികളെ എത്തിച്ചുനൽകുന്ന ഇടനിലക്കാരനെ വിളിക്കുന്ന പേര്

7 1886-ൽ അമേരിക്കയിലെ ചിക്കാഗോയിൽ തൊഴിൽസമയവുമായി ബന്ധപ്പെട്ട് നടന്നപ്രക്ഷോഭത്തിൽ ഉയർത്തിയ ഒരു മുദ്രാവാക്യമാണിത്. 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിനോദം, 8 മണിക്കൂർ വിശ്രമം, ഇതിനെത്തുടർന്നുണ്ടായ നിരവധി പ്രക്ഷോഭങ്ങളുടെ ഭാഗമായാണ് 8 മണിക്കൂർ ജോലി എന്ന പൊതുതത്വം അംഗീകരിക്കപ്പെട്ടത്.

8 ഹെൻറിക് ഇബ്സന്റെ പ്രശസ്ത നാടകമായ 'എ ഡോൾസ് ഹൗസിലെ' പ്രധാന കഥാപാത്രമായ നോറയുടെ പ്രവൃത്തി. സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി കലാസാഹിത്യ വ്യവഹാരങ്ങൾ ഇത് ഉദാഹരിക്കാറുണ്ട്.

## ആധാരസൂചി

1 ഇ.എം.എസ്. നമ്പൂതിരിപ്പാട്, മൂലധനം ഒരു മുഖവുര, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2011.

2 കാറൽ മാക്സ്, മൂലധനം, വാല്യം 1, എൻ.ബി.എസ് കോട്ടയം, 2010.

3 കുഞ്ഞഹമ്മദ്, കെ.ഇ.എൻ. സമൂഹം, സാഹിത്യം, സംസ്കാരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009.

4 ജയചന്ദ്രൻ ടി.എൻ., (ചീഫ് എഡി.), അഖില വിജ്ഞാനകോശം വാല്യം 3, ഡി.സി.ബുക്ക്സ്, കോട്ടയം, 1998.

5 ബാബുരാജ് കെ.കെ., ഇരുട്ടിലെ കണ്ണാടി, ഡി.സി ബുക്ക്സ്, കോട്ടയം, 2011.

6 മനോജ് എം.ബി., (ഡോ.), ദേശം, ദേശി, മാഗ്ഗ; സാഹിത്യമെന്ന ഉപാദാനസാമഗ്രി, പാപ്പിറസ് ബുക്സ് കോട്ടയം, 2011.

7 വിക്രമൻ യു.(എഡി.), ദാമോദരൻ കെ., തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യഅക്കാദമി തൃശ്ശൂർ, 2020.

8 സച്ചിദാനന്ദൻ.കെ, മലയാള കവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ് കോഴിക്കോട്, 2013.

9 സന്തോഷ് ഒ.കെ., (എഡി.), കാതൽ മലയാളത്തിലെ ദളിത് കവിതകൾ, ഡി.സി. ബുക്സ്, കോട്ടയം, 2012.

10 ..........................................., (എഡി.), മുദിത - മലയാളത്തിലെ ദളിത് പെൺകവിതകൾ, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2014.

11 സുനിൽ പി. ഇളയിടം, മാർക്സിസത്തിന്റെ സമകാലികത (പ്രഭാഷണ പരമ്പര), ഐ ബുക്സ്, കോഴിക്കോട്, 2011.

12 ഹാരിസ്, വി.എസ്.(അവതാരിക), പി.ടി.ബിനു, കവിതയിൽ താമസിക്കുന്നവർ, ഡി.സി. ബുക്സ്, കോട്ടയം, 2005.


## വെബ്സൂചി


http://www.google.com

orukappuchaya.blogspot.com